# സബ്മിഷൻ

## ബാർ കോഴക്കേസ്

ശ്രീ. മാത്യു റ്റി. തോമസ്: സർ, കഴിഞ്ഞ വെള്ളിയാഴ്ച കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഈ സഭയിൽ ഉറപ്പു നൽകിയത്, നിയമം നിയമത്തിന്റെ വഴിക്ക് പോകുമെന്നാണ്. പക്ഷെ വെള്ളിയാഴ്ച തുടങ്ങിയുള്ള നാലു ദിവസങ്ങളിലായുള്ള സംഭവവികാസങ്ങൾ ചൂണ്ടിക്കാണിക്കുന്നത്, യു.ഡി.എഫ്. ഗവൺമെന്റ് നിയമത്തെ കുറ്റവാളിയുടെ വഴിയിലേയ്ക്ക് തിരിച്ചുവിടുന്നതിന്റെ ഏറ്റവും നീചമായ ഭരണനടപടികളാണ് ഈ നാലുദിവസം ഈ സംസ്ഥാനം കണ്ടത്. വിജിലൻസിന്റെ ചുമതലയുള്ള ആഭ്യന്തര വകുപ്പുമന്ത്രി എഫ്.ഐ.ആർ.-ൽ പ്രതിവർഗ്ഗത്തിൽ ചേർക്കപ്പെട്ട ആളിനെ ആ പ്രതിയുടെ വീട്ടിൽപ്പോയി സന്ദർശിച്ചിരിക്കുന്നു. എഫ്.ഐ.ആർ.-ൽ പ്രതിവർഗ്ഗത്തിൽ ചേർക്കപ്പെട്ട ആളിനെ, ഭരണഘടനാ സ്ഥാപനമായ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽനിന്ന് ******* കേസിനെപ്പറ്റി ചർച്ച നടത്തുന്നു. ക്വിക് വെരിഫിക്കേഷൻ നടത്തിയ സംഘത്തെ തുടർ അന്വേഷണത്തിൽനിന്ന് നീക്കം ചെയ്തിരിക്കുന്നു. മറ്റൊരു സംഘത്തെ കേസിന്റെ അന്വേഷണ ചുമതല പുതിയതായി ഏൽപ്പിച്ചിരിക്കുന്നു. വിജിലൻസ് ഡയറക്ടറെ തൽസ്ഥാനത്തുനിന്ന് മാറ്റുന്നതിന് നടപടി സ്വീകരിച്ചിരിക്കുന്നു.

---

*********സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

കഴിഞ്ഞ കുറേ ദിവസങ്ങളായി കേരളത്തിൽ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ് യു.ഡി.എഫ്.-ന്റെ മദ്യനയം. ... (ബഹളം) സമ്പൂർണ്ണമായ മദ്യ നിരോധനമാണ്...

<u>ശ്രീ. സി. എഫ്. തോമസ്:</u> സർ, .........

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> സബ്മിഷൻ കഴിഞ്ഞതിനുശേഷം അദ്ദേഹം വഴങ്ങും. ... (ബഹളം) ...

<u>ശ്രീ. മാത്യു റ്റി. തോമസ്:</u> സർ, അങ്ങനെ തടസ്സപ്പെടുത്തിയാൽ ശരിയാകില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> അദ്ദേഹത്തെ തടസ്സപ്പെടുത്തരുത്. അദ്ദേഹം സബ്മിഷൻ അവതരിപ്പിച്ചതിനുശേഷം സംസാരിക്കുന്നതിന് നിങ്ങളെ അനുവദിക്കുന്നതാണ്.

<u>ശ്രീ. മാത്യു റ്റി. തോമസ്:</u> സർ, സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുമെന്ന് കുറേദിവസങ്ങളായി പറഞ്ഞുനടക്കുന്നവർ ഇന്നലെ രാത്രി മദ്യനയം മാറ്റുന്നതിന് തീരുമാനിക്കുന്നു. മദ്യനയം മാറ്റാൻ സമ്പൂർണ്ണ മദ്യനിരോധനംതന്നെ വേണമെന്ന് യു.ഡി.എഫ്.-ന്റെ നേതൃത്വത്തിലുള്ള കെ.പി.സി.സി.-യുടെ പ്രസിഡന്റ് പറയുന്നു, മുസ്ലീംലീഗ് പറയുന്നു, കേരളാ കോൺഗ്രസ് മൗനം പാലിക്കുന്നു എന്നിട്ടും മദ്യനയം മാറ്റുന്നത് ആർക്കുവേണ്ടിയാണ്; ഈ ബാറുടമകളുടെ പ്രശ്നം കൈക്കൂലി വാങ്ങിയ

ആളിനെ ശിക്ഷിക്കുകയെന്നുള്ളതല്ല. അവർക്ക് ബാർ കിട്ടണം. അവർക്ക് ബാർ അനുവദിച്ചുകൊടുത്താൽ മൊഴി നൽകുന്നതിൽനിന്ന് അവരെ പിന്തിരിപ്പിക്കാം. അതിനുവേണ്ടി യു.ഡി.എഫ്.-ന്റെ നേതൃത്വം ചേർന്ന് കഴിഞ്ഞ കുറേ നാളുകളായി പ്രഖ്യാപിക്കുന്ന ഗവൺമെന്റിന്റെ നയത്തിൽതന്നെ മാറ്റം വരുത്തിയിരിക്കുകയാണ്. എന്തിനാണ് ആഭ്യന്തര വകുപ്പുമന്ത്രി എസ്കോർട്ടില്ലാതെ പ്രതിവർഗ്ഗത്തിൽ ചേർക്കപ്പെട്ട ആളിന്റെ വീട്ടിൽ എന്നുപറഞ്ഞാൽ കുറ്റകൃത്യം നടന്ന സ്ഥലത്തേയ്ക്ക് പോയി പരിശോധന നടത്തിയത്? എപ്പോഴാണ് പരിശോധന നടന്നിരിക്കുന്നത്, അദ്ദേഹം സന്ദർശനം നടത്തിയത്, കേരളത്തിലെ എല്ലാ ഇലക്ട്രോണിക് മീഡിയകളിലും വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. എക്സൈസ് മന്ത്രിക്കും മുഖ്യമന്ത്രിക്കുമെതിരെ ആഞ്ഞടിക്കുവാൻ കേരളാ കോൺഗ്രസ് പാർലമെന്ററി പാർട്ടി യോഗത്തിൽ ചർച്ച നടക്കുന്നു, രേഖകൾ പുറത്തുവിടണോയെന്ന് ആലോചിക്കുന്നു, അവിടേയ്ക്ക് ഓടിയെത്തിയതാണ് ആഭ്യന്തര വകുപ്പുമന്ത്രി. എസ്കോർട്ടില്ല, പൈലറ്റില്ല, അതൊന്നും സിറ്റിയിൽ ഉപയോഗിക്കാറില്ലായെന്നാണ് പറയുന്നത്. നിയമസഭാ മന്ദിരം സിറ്റിയിലല്ലേ? പതിവിന് വിപരീതമായി എസ്കോർട്ടും പൈലറ്റും ഉപേക്ഷിച്ചതുതന്നെ ദുരൂഹമാണ്. കേസിന്റെ കാര്യം അവിടെ ചർച്ച ചെയ്തില്ലായെന്നാണ് പറയുന്നത്. അപ്പോൾ അവർ എന്താണ് മുറിയടച്ചിരുന്ന്

പ്രാർത്ഥിക്കുകയായിരുന്നോ? പോലീസ് സേനയുടെ നവീകരണത്തിനുവേണ്ടി പണം ചോദിക്കുകയായിരുന്നു...

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മാത്യു റ്റി. തോമസ്, ഒരു മന്ത്രി മറ്റൊരു മന്ത്രിയുടെ വീട്ടിൽ പോയി, അതല്ലേ?

ശ്രീ. മാത്യു റ്റി. തോമസ്: സർ, ആ മന്ത്രിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; എഫ്.ഐ.ആർ.-ൽ പ്രതിവർഗ്ഗത്തിൽ ചേർക്കപ്പെട്ടിരിക്കുന്ന ആളാണ്. അദ്ദേഹം പ്രതിയാണ്, കുറ്റവാളിയാണ്. എവിടെയാണ് പോയത്, മന്ത്രിയുടെ വീട്ടിലല്ല, ഈ എഫ്.ഐ.ആർ.-ൽ പറയുന്ന place of occurrence-ലാണ് (കൃത്യം നടന്ന സ്ഥലം) പോയി പരിശോധന നടത്തിയിരിക്കുന്നത്. എഫ്.ആർ.എൽ.-ൽ കുറ്റകൃത്യം നടന്നതായി രേഖപ്പെടുത്തിയിരിക്കുന്ന place of occurrence-ലാണ്. ഇതൊരു adverse inference-ലേയ്ക്കാണ് നമ്മളെ നയിക്കുന്നത്. മന്ത്രിയായിരുന്ന കാലഘട്ടത്തിലെ സർക്കാർതന്നെ അന്വേഷണം നടത്തി പ്രതി പട്ടികയിൽ ചേർക്കുന്ന കേരളത്തിലെ ആദ്യത്തെ മന്ത്രിയാണ് ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി. ഖജനാവിന് നഷ്ടം വരുത്തിയതിന്റെ പേരിലല്ല, കൈക്കൂലി പണം ചോദിച്ചതിനും വാങ്ങിയതിനും പ്രതിയായി എഫ്.ഐ.ആർ. ചെയ്യപ്പെടുന്ന കേരളത്തിന്റെ ആദ്യത്തെ ഭരണാധികാരിയാണ്. 7 വർഷം വരെ തടവുശിക്ഷ

ലഭിക്കാവുന്ന ആൾ, അവിടെ ആഭ്യന്തര വകുപ്പുമന്ത്രി എന്തിനാണ് പോയത്; നിയമം നിയമത്തിന്റെ വഴിക്ക് പോകുമെന്ന് ഉറപ്പുവരുത്താനാണോ? അറസ്റ്റുണ്ടാവില്ലെന്ന് ഉറപ്പ് കൊടുക്കാനല്ലേ, റെയ്ഡ് നടക്കില്ലായെന്ന് പറയാനല്ലേ, ചോദ്യം ചെയ്യില്ലായെന്ന് പറയാനല്ലേ, അവിടെ നിന്ന് തൊണ്ടിയെടുക്കില്ലായെന്ന് ഉറപ്പ് കൊടുക്കാനല്ലേ; ഈ സാഹചര്യത്തിൽ കടുത്ത രാഷ്ട്രീയ തീരുമാനങ്ങളൊന്നുമെടുക്കരുതെന്ന് ഉപദേശിക്കാനല്ലേ? ഇവിടെ അറസ്റ്റ് സാധിക്കുമോ ഇല്ലയോയെന്നുള്ള പ്രശ്നമുണ്ട്. Lalitha Kumari Vs. State of UP കേസ്സാണല്ലോ ഇവിടെ കുറേദിവസമായി ചർച്ച ചെയ്യുന്നത്. അതിലെ 98, 99 എന്നീ ഖണ്ഡികകളിൽ പറയുന്നത്, അറസ്റ്റ് ഒഴിവാക്കണമെങ്കിൽ മുൻകൂർ ജാമ്യമെടുത്തിരിക്കണം എന്നാണ്. 98-ാം ഖണ്ഡികയിൽ പറയുന്നു, " .....In appropriate cases he (എന്നുപറഞ്ഞാൽ the accused) can avoid the arrest under that provision by obtaining an Order from the Court...." 99-ാം ഖണ്ഡികയിൽ പറയുന്നു, 'except in heinous offences', അതിനീചമായ കുറ്റകൃത്യങ്ങളിലല്ലാതെ അറസ്റ്റ് അവോയിഡ് ചെയ്യണമെങ്കിൽ, എല്ലാ ദിവസവും പോലീസ് സ്റ്റേഷനിൽ പോയി ഒപ്പിടുന്ന ആളിനെ അറസ്റ്റ് ചെയ്യേണ്ട ആവശ്യമില്ല. ഇത് നീചമായ കുറ്റകൃത്യമാണോ അല്ലയോയെന്ന് യു.ഡി.എഫ്. തീരുമാനിച്ചോട്ടെ,

ഒരു മന്ത്രി കൈക്കൂലി ചോദിക്കുന്നതും വാങ്ങുന്നതും നീചമാണോയെന്ന് അവർ തീരുമാനിച്ചോട്ടെ. നീചമാണെങ്കിൽ അപ്പോൾത്തന്നെ അറസ്റ്റ് ചെയ്യണം. നീചമല്ലെങ്കിൽ പോലീസ് സ്റ്റേഷനിൽ പോയി എല്ലാ ദിവസവും ഒപ്പിടണം, " .....to attend the Station House and not to leave the station without permission;..." അനുവാദം കൂടാതെ സ്റ്റേഷൻ അതിർത്തിക്ക് പുറത്തു പോകരുത്, ..... (ബഹളം).....

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> യെസ്.. പ്ലീസ്.. ദയവായി നിങ്ങളിരിക്കണം. അദ്ദേഹം സംസാരിക്കാട്ടെ... ശ്രീ. മാത്യു റ്റി. തോമസിനെ സംസാരിക്കാൻ ചെയർ അനുവദിച്ചതാണ്. നിങ്ങൾ ഇരിക്കണം. പ്ലീസ്... ..... (ബഹളം).....

<u>ശ്രീ. മാത്യൂ റ്റി. തോമസ് </u>: സർ, കഴിഞ്ഞ ദിവസം സഭയിൽ ചർച്ച ചെയ്ത Lalitha Kumari Vs. State of U.P. കേസ്സിലെ 99-ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളാണ് ഞാൻ വായിച്ചത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇത് സബ്മിഷനാണ്. ഇപ്പോൾതന്നെ ഏഴ് മിനിട്ടായി.

<u>ശ്രീ. മാത്യൂ റ്റി. തോമസ്</u>: സർ, അങ്ങനെ പ്രതിയായി ചേർക്കപ്പെട്ട ആളിന്റെ വീട്ടിൽപ്പോയി ആഭ്യന്തരമന്ത്രി സന്ദർശനം നടത്തിയതിനുശേഷം പുറത്തുവന്ന് "Mani is safe" എന്നാണ് പറഞ്ഞത്. ഞങ്ങൾ കേട്ടത് "Money is safe" എന്നാണ്.

തൊണ്ടിമുതലെടുക്കാൻ ആരും വരില്ലായെന്ന ഉറപ്പ് ആഭ്യന്തര വകുപ്പുമന്ത്രി കൊടുത്തിരിക്കുകയാണ്. കേസ് നടത്തിപ്പിന് തൊണ്ടിമുതൽ വീണ്ടെടുക്കാൻ ഈ സർക്കാരിന് താല്പര്യമുണ്ടോ? Indian Evidence Act-ലെ സെക്ഷൻ 27 പ്രകാരം റിക്കവറി നടത്തണം. Prevention of Corruption Act-ലെ സെക്ഷൻ 20 പ്രകാരം ആ റിക്കവറി നടത്തി പണമെടുത്തുകഴിഞ്ഞാൽ burden of proof shift ചെയ്യും. പിന്നെ താൻ നിരപരാധിയാണെന്ന് തെളിയിക്കാനുള്ള ബാധ്യത പ്രതിയായി ചേർക്കപ്പെടുന്ന ആളിനാണ്. ഇതൊന്നും ഉണ്ടാവില്ലായെന്ന് പറഞ്ഞുകൊണ്ട് നിയമത്തെ കുറ്റവാളിയുടെ വഴിയെ തിരിച്ചുവിടാനുള്ള പരിശ്രമമാണ് കഴിഞ്ഞ വെള്ളിയാഴ്ച മുതൽ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മാത്യു റ്റി. തോമസ്, എട്ട് മിനിട്ടായി. ഒരു അടിയന്തരപ്രമേയത്തിന്റെ സമയം സബ്മിഷന് തന്നുകഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ എന്തിനാണ് ഈ പ്രതിയുടെ വീട്ടിൽ സന്ദർശനം നടത്തിയത്? ഈ കേസ് അട്ടിമറിക്കുന്നതിനെക്കുറിച്ച് ആലോചിക്കാനായിരുന്നില്ലേ? അഞ്ചുകോടി രൂപ തരാമെന്നു പറഞ്ഞ് ഉറപ്പിച്ചിട്ട് മൂന്നുതവണകളായി നക്കാപ്പിച്ചയായ ഒരു കോടി

രൂപ.... (തടസ്സം).... മാനംകെടുത്തിയ ഡോ. ബിജു രമേശിനെതിരെ വിശ്വാസ വഞ്ചനയ്ക്കും മാനനഷ്ടത്തിനും കേസെടുക്കുന്നതിനെക്കുറിച്ചാണോ ആലോചിച്ചത്? എന്തിനാണ് അന്വേഷണ ചുമതല മാറ്റിയത്. അന്വേഷണം നടത്തിക്കൊണ്ടിരുന്ന ആളിനെ മാറ്റി ഡിവൈ.എസ്.പി. ശ്രീ. അജിത്കുമാറിനെ ചുമതല ഏൽപ്പിച്ചിരിക്കുന്നു. ആരാണ് ഈ അജിത് കുമാർ? ഉരുട്ടിക്കൊലകേസിൽ വിചാരണ നേരിടുന്ന ഒരു പ്രതിയാണ് ഇപ്പോൾ പുതുതായി അന്വേഷണം ..... (മൈക്ക് ഓഫ്).......

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മാത്യൂ റ്റി. തോമസ്, പത്ത് മിനിട്ടായി. പ്ലീസ് കൺക്ലൂഡ്. ...(ബഹളം) .......

ശ്രീ. മാത്യൂ റ്റി. തോമസ് : സർ, .......കേരളത്തിൽ നിരവധി മന്ത്രിമാർ രാജിവച്ചിട്ടില്ലേ? .....(മൈക്ക് ഓഫ്).... 1977-ൽ ശ്രീ. കെ. എം. മാണിക്കെതിരെ കേസുവന്നപ്പോൾ അന്നദ്ദേഹം രാജിവച്ചല്ലോ. അന്നത്തെ ധാർമ്മിക നിലവാരം വച്ചാണെങ്കിൽ നൂറുതവണ രാജിവയ്ക്കാനുള്ള സമയം കഴിഞ്ഞിരിക്കുന്നു....(മൈക്ക് ഓഫ്)....

ശ്രീ. സി. എഫ്. തോമസ് : സർ, പോയിന്റ് ഓഫ് ഓർഡർ .......(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എ. കെ. ബാലൻ, ഇത് ശരിയല്ല. ബഹുമാനപ്പെട്ട

മാത്യൂ റ്റി. തോമസ് ഇവിടെ സംസാരിച്ച സമയത്ത് കേരളാ കോൺഗ്രസ് പാർലമെന്ററി പാർട്ടിയെക്കുറിച്ച് പറഞ്ഞു. അതിനെക്കുറിച്ച് സംസാരിക്കാനാണ് ചെയർ അനുവദിച്ചത്.

ശ്രീ. സി. എഫ്. തോമസ് : സർ, കേരളാ കോൺഗ്രസ് (എം) ****** എന്ന് ബഹുമാനപ്പെട്ട മെമ്പർ നടത്തിയ പ്രസ്താവന അവാസ്തവമാണ്. അത് സഭാ രേഖയിൽനിന്നും നീക്കം ചെയ്യണം.

**റൂളിംഗ്**

മി. ഡെപ്യൂട്ടി സ്പീക്കർ: ****** എന്നുപറഞ്ഞ ഭാഗം സഭാരേഖകളിൽനിന്നും നീക്കം ചെയ്യുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ മന്ത്രിയെക്കണ്ട് സംസാരിച്ചില്ലേ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, അഡീഷണൽ അഡ്വക്കേറ്റ് ജനറലിനെ ഞാൻ വിളിച്ചുവരുത്തിയിട്ടില്ല. ഞാൻ പ്രതിയാണെങ്കിലും കേരളത്തിലെ നിയമ വകുപ്പുമന്ത്രിയാണ്. അഡ്വക്കേറ്റ് ജനറലിനും അഡീഷണൽ അഡ്വക്കേറ്റ് ജനറലിനും എപ്പോൾവേണമെങ്കിലും എന്നെ വന്നുകാണാം. നിയമപ്രശ്നങ്ങളെക്കുറിച്ച് ചർച്ചചെയ്യാം.

******സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.
******സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയെ ഞാൻ വീട്ടിൽപ്പോയി കണ്ടു എന്നുള്ളത് ശരിയാണ്. ആഭ്യന്തര വകുപ്പുമന്ത്രിക്ക് ധനകാര്യ വകുപ്പുമന്ത്രിയെക്കാണാൻ ശ്രീ. മാത്യൂ റ്റി. തോമസിന്റെ ചിറ്റിന്റെ ആവശ്യമില്ല. ഞങ്ങൾ തൊട്ടടുത്ത് ഒരു കസേരയുടെ അപ്പുറവും ഇപ്പുറവുമാണിരിക്കുന്നത്. മാണിസാറിനോട് എനിക്ക് സംസാരിക്കണമെങ്കിൽ വീട്ടിൽ പോയിക്കാണണോ; എന്തെങ്കിലുമുണ്ടെങ്കിൽ ഇവിടെവച്ചു സംസാരിച്ചുകൂടെ? ഇതൊക്കെ വെറും ആവശ്യമില്ലാത്ത പ്രചരണങ്ങൾക്കുവേണ്ടി പറയുന്ന കാര്യങ്ങൾ മാത്രമാണ്. ഞാൻ സിറ്റിയിൽ എസ്കോർട്ടും പൈലറ്റും കഴിയുന്നത്ര ഉപയോഗിക്കാറില്ല. ഇത് ആളുകൾക്ക് inconvenience ഉണ്ടാകാതിരിക്കാനാണ് ഉപയോഗിക്കാത്തത്. ചില സന്ദർഭങ്ങളിൽ വേണ്ടിവരും. സിറ്റിയിൽ വരുമ്പോൾ എസ്കോർട്ടും പൈലറ്റും കഴിയുന്നത്ര ഒഴിവാക്കിയാണ് ഞാൻ പോകാറുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് സ്റ്റേറ്റ് കാറിലല്ലേ പോയത്?

ശ്രീ. രമേശ് ചെന്നിത്തല : അതെ. ഞാൻ സ്റ്റേറ്റ് കാറിൽതന്നെയാണ് പോയത്. അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമേ സിറ്റിയിൽ എസ്കോർട്ടും പൈലറ്റും ഞാൻ ഉപയോഗിക്കാറുള്ളൂ. അതൊരു പുതിയ കാര്യമല്ല. മാണിസാറിനെ

കാണുകയെന്നുപറയുന്നത് ഒരു പാപമല്ല. കേരള രാഷ്ട്രീയത്തിലെ ഉന്നതനായ ഒരു നേതാവാണ് ശ്രീ. കെ. എം. മാണി. അദ്ദേഹത്തെ ഞാൻ ഇന്നലെകളിൽ കണ്ടിട്ടുണ്ട്, ഇന്ന് കണ്ടിട്ടുണ്ട്, നാളെയും കാണുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിൽ ഒരു തെറ്റുമില്ല, അതിനകത്ത് അധാർമ്മികമായി ഒന്നുമില്ല, നിയമപരമായി ഒരു തെറ്റുമില്ല. രണ്ടാമത് പറഞ്ഞത് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ഇവിടെ കാണാൻ വന്നുവെന്നാണ്. Cr.P.C. Chapter XII അനുസരിച്ചാണ് ഈ അന്വേഷണം നടക്കുന്നത്. ഇതിനകത്ത് പ്രോസിക്യൂട്ടർക്ക് യാതൊരു പങ്കാളിത്തവുമില്ല. അതുകൊണ്ട് അത് അടിസ്ഥാനരഹിതമായ കാര്യമാണ്. മൂന്നാമത് ഇവിടെ ഒരു കാര്യം പറഞ്ഞു. അറസ്റ്റ് ഒഴിവാക്കാനാണെന്ന്. അദ്ദേഹം ലളിതകുമാരി കേസ് മുഴുവൻ പഠിക്കാത്തതുകൊണ്ടാണ്. ഞാൻ വായിക്കാം" ഖണ്ഡിക 100:- " ...Registration of FIR u/s. 154 of Code...... Arrest of an accused person u/s. 41 are too entirely different things. It is not correct to say that just because an FIR is registered, the accused person can be arrested immediately...." ഇത് മുഴുവൻ വായിക്കണം. ശ്രീ. മാത്യു റ്റി. തോമസ്, വായിക്കാതെ വർത്തമാനം പറയരുത്. അതുപോലെ തന്നെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ കഴിഞ്ഞ ദിവസം അടിയന്തര പ്രമേയം അവതരിപ്പിച്ചുകൊണ്ടു പറഞ്ഞു,

ക്വിക്ക് വെരിഫിക്കേഷന് വേണ്ടി നിയോഗിച്ച ടീമിന്റെ ഹെഡ്, എസ്.പി. രണ്ടുമാസത്തിനകം റിട്ടയർ ചെയ്യാൻ പോകുന്ന ആളാണെന്ന്. രണ്ടുമാസത്തിനുള്ളിൽ റിട്ടയർ ചെയ്യാൻ പോകുന്ന ആളിനെ എന്തിനാണ് വച്ചതെന്നാണ് അദ്ദേഹം ചോദിച്ചത്. രണ്ടുമാസത്തിനകം റിട്ടയർ ചെയ്യാൻ പോകുന്ന ടീമിനെ വച്ച് എന്ത് അന്വേഷിക്കാൻ പോകുന്നുവെന്നാണ് അദ്ദേഹം ചോദിച്ചത്. ഇപ്പോൾ ആ ടീമിനെ മാറ്റി, ഡയറക്ടറെ മാറ്റി വേറൊരു ടീമിനെ വച്ചപ്പോൾ കേസ് അട്ടിമറിക്കാനാണ് എന്നുപറയുന്നു. പരസ്പര വിരുദ്ധമായ കാര്യങ്ങളാണ് പ്രതിപക്ഷത്തുനിന്ന് ഉന്നയിക്കുന്നത്. എത് ടീമിനെ വയ്ക്കണം, വയ്ക്കണ്ട എന്ന് തീരുമാനിക്കുന്നത് ഡയറക്ടറാണ്. ഗവൺമെന്റിന് ഇക്കാര്യത്തിൽ യാതൊരു പങ്കുമില്ല. നേരത്തെ വച്ച ടീമിനെപ്പറ്റി അശുവെന്ന് പറഞ്ഞ ആളുകൾ പുതിയ ടീമിനെ വച്ചപ്പോൾ അട്ടിമറിക്കാനാണ് എന്നു പറയുന്നത് ശരിയാണോ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, നേരത്തെയുണ്ടായിരുന്ന അന്വേഷണ സംഘത്തിൽ നാല് പേർ ഉണ്ടായിരുന്നു. ആ നാലുപേരിൽ ഒരാളെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. ഇപ്പോൾ അന്വേഷണ സംഘത്തിൽപ്പെട്ട നാലാളെയും മാറ്റി. പുതിയ അന്വേഷണ സംഘത്തെ തന്നെ, നേരത്തെയുള്ള ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർ ഡിവൈ.എസ്.പി.-യെ മാറ്റി മറ്റൊരു ഡിവൈ.എസ്.പി.-യെ ഇൻവെസ്റ്റിഗേറ്റിംഗ്

ഓഫീസറായി നിശ്ചയിക്കാൻ കാരണമെന്താണ്?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങ് കാര്യമറിയാതെയാണ് പറയുന്നത്. ഡിവൈ.എസ്.പി. അല്ല, എഫ്.ഐ.ആർ. എടുത്തത് 11/12/2014-ൽ ആണ്. അഞ്ചുദിവസം മാത്രമേ ആയിട്ടുള്ളൂ. എഫ്.ഐ.ആർ.-ന്റെ മഷി ഉണങ്ങുന്നതിനുമുമ്പ് കേസ് അട്ടിമറിക്കാൻ പോകുന്നുവെന്ന് പറഞ്ഞാൽ ആരാണ് വിശ്വസിക്കാൻ പോകുന്നത്? ഇപ്പോൾ നിയോഗിച്ചിട്ടുള്ളത് സ്പെഷ്യൽ ഇൻവെസ്റ്റിഗേറ്റിംഗ് യൂണിറ്റ് -I നെയാണ്. അത് അനുവദിക്കാനുള്ള കാരണം, അതിന് സ്റ്റേറ്റ്വൈഡ് ജൂറിസ്ഡിക്ഷൻ ഉള്ളതുകൊണ്ടാണ്. നേരത്തെ നിയോഗിച്ച ഇൻവെസ്റ്റിഗേഷൻ ടീമിനെക്കാൾ കൂടുതൽ അധികാര പരിധിയുള്ള സ്റ്റേറ്റ്വൈഡ് ജൂറിസ്ഡിക്ഷനുള്ള പ്രധാനപ്പെട്ട വിജിലൻസ് യൂണിറ്റിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. എസ്.ഐ.യു.-I ന്റെ എസ്. പി. ശ്രീ. സുകേഷിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. മറ്റ് ഇൻവെസ്റ്റിഗേഷൻ ടീമിനെ വേണമെങ്കിൽ അതിന്റെ എസ്.പി. തീരുമാനിക്കും. അതാണ് അതിന്റെ ചട്ടം. വിജിലൻസ് ഡയറക്ടറാണ് തീരുമാനിക്കുന്നത്. അതുകൊണ്ട് അന്വേഷണ സംഘത്തെ മാറ്റിയെന്നുപറയുന്നത് അടിസ്ഥാനരഹിതമാണ്. ഞാൻ അത് നിഷേധിക്കുന്നു. ഇത് സ്റ്റേറ്റ്വൈഡ് ജൂറിസ്ഡിക്ഷനുള്ള എസ്.ഐ.യു.-I ന്റെ നേതൃത്വത്തിലാണ് അന്വേഷണം

നടക്കുന്നത്. അന്ന് അന്വേഷണ സംഘത്തെവച്ചപ്പോൾ പറഞ്ഞത് അശ്രുവാണെന്ന് അന്വേഷണ സംഘത്തെ മാറ്റിയപ്പോൾ പറയുന്നത് അട്ടിമറിക്കാനാണെന്ന്. ഓരോ സമയം പ്രതിപക്ഷം ഓരോ നിലപാടുകളാണെടുക്കുന്നതെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. വിജിലൻസ് ഡയറക്ടർ ശ്രീ. വിൻസെന്റ് പോളിനെ മാറ്റാൻ ഉദ്ദേശിച്ചിട്ടില്ല. ദേശാഭിമാനിയാണ് മാറ്റാൻ ആലോചിച്ചത്. ആഭ്യന്തര വകുപ്പുമന്ത്രി മാറ്റാൻ ഉദ്ദേശിച്ചിട്ടില്ല. ഓരോ ദിവസവും ഓരോ രീതിയിലുള്ള കഥകൾ പത്രങ്ങളിൽ വരികയാണ്. ആളുകളെ തെറ്റിദ്ധരിപ്പിക്കാൻ പത്രമാധ്യമങ്ങളിൽ ഓരോ വാർത്ത വരികയാണ്. വിജിലൻസ് ഡയറക്ടറെ മാറ്റുന്നു, റെയ്ഡുകൾ നടക്കുന്നു ഇങ്ങനെ അനാവശ്യമായി ജനങ്ങളിൽ ഭീതി ഉണ്ടാക്കാനുള്ള വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു. ഈ വാർത്തകളുടെ ഉറവിടം എവിടെയാണെന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. വിജിലൻസിനെ സംബന്ധിച്ച് സത്യസന്ധവും നീതിപൂർവ്വവുമായ അന്വേഷണം മാത്രമേ നടക്കുകയുള്ളൂ. അതിൽ ഒരു വ്യത്യാസവും ഉണ്ടാകില്ല.

ഇവിടെ ഒരു അജിത് കുമാറിനെപ്പറ്റി പറഞ്ഞു. അജിത് കുമാർ ആരാണെന്ന് തൊട്ടടുത്തിരിക്കുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ചോദിച്ചാൽ മതി. 2006-08-ൽ വിഴിഞ്ഞം സി.ഐ. ആയി നിയമിച്ചത് അദ്ദേഹമാണ്. 2008-09-ൽ

തിരുവനന്തപുരത്ത് വിജിലൻസ് സ്പെഷ്യൽ സെല്ലിൽ നിയമിച്ചത് ശ്രീ. കോടിയേരി ബാലകൃഷ്ണനാണ്. 2009-10-ൽ യു.എൻ. മിഷനിലേയ്ക്ക് വിട്ടു. 2010-ൽ എസ്.സി.ആർ.ബി.-യിലേയ്ക്ക് വിട്ടു. ഇപ്പോൾ അദ്ദേഹം സ്പെഷ്യൽ യൂണിറ്റ് വിജിലൻസിൽ നിൽക്കുന്നു. ഉരുട്ടിക്കൊലക്കേസിൽ പ്രതിയാണെങ്കിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അദ്ദേഹത്തെ യു.എൻ.-ലേയ്ക്ക് അയയ്ക്കുണമായിരുന്നോ. ഞാനാണോ അദ്ദേഹത്തെ വച്ചത്. വെറുതേ ആവശ്യമില്ലാത്ത ആരോപണങ്ങൾ ഉന്നയിക്കുകയാണ്. കേസ് അട്ടിമറിക്കാൻ ശ്രമിക്കുന്നുവെന്ന് നിങ്ങൾ പറഞ്ഞു. ക്വിക്ക് വെരിഫിക്കേഷൻ നടന്നപ്പോഴും ഇതേ ആരോപണമാണ് നിങ്ങൾ പറഞ്ഞത്, ക്വിക്ക് വെരിഫിക്കേഷനിൽ അർത്ഥമില്ല, ഇത് അട്ടിമറിക്കാൻ നോക്കുകയാണെന്ന് പറഞ്ഞു. ഈ കേസ് സത്യസന്ധവും നീതിപൂർവ്വവുമായ നിലയിൽ വിജിലൻസ് അന്വേഷിക്കും. ഇക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ഇതുവരെ എടുത്തിട്ടുള്ള നടപടികളുടെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് ബോധ്യമായ കാര്യമാണ്. ന്യായവും നീതിപൂർവ്വവും സത്യസന്ധവുമായ നിലയിൽ അന്വേഷിക്കും.

ശ്രീ. മാത്യു റ്റി. തോമസ് ഒരു കാര്യം പറഞ്ഞു, മദ്യനയം മാറ്റിയെന്ന്. ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. യു.ഡി.എഫ്. മദ്യനയത്തിൽ അടിസ്ഥാനപരമായി ഒരു മാറ്റവും വരുത്തിയിട്ടില്ല. കേരള ചരിത്രത്തിൽ ഏറ്റവും സുപ്രധാനമായ,

ചരിത്രപരമായ മദ്യനിരോധനത്തിലേയ്ക്ക് പത്തു വർഷം കൊണ്ട് എത്തുന്ന മദ്യനയമാണ് യു.ഡി.എഫ്. ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ആ മദ്യനയം നടപ്പാക്കിയപ്പോൾ ചില കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പിന്നീട് വരികയുണ്ടായി. (1) കോടതി വിധി (2) തൊഴിലാളികളുടെ പ്രശ്നം (3) ടൂറിസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. ഇത്തരം കാര്യങ്ങളെക്കുറിച്ച് യു,ഡി.എഫ്. ചർച്ച ചെയ്തു. ചർച്ച ചെയ്തശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ക്യാബിനറ്റിനെ ചുമതലപ്പെടുത്തി. അതിനർത്ഥം മദ്യനയത്തിൽ മാറ്റം വന്നുവെന്നുള്ളതല്ല. സ്വാഭാവികമായി ഒരു ഗവൺമെന്റ് എടുക്കുന്ന നടപടികളുടെ പശ്ചാത്തലത്തിൽ ഉണ്ടാകുന്ന ഇംപാക്ട് സ്റ്റഡി ചെയ്യാൻ ഗവൺമെന്റ് നിർബന്ധിതമാണ്. ഗവൺമെന്റ് ഇക്കാര്യം പഠിച്ചശേഷം ക്യാബിനറ്റ് ഇക്കാര്യത്തിൽ ഉചിതമായ നടപടി എടുക്കും. ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് ധീരമായ നിലപാടാണ് സംസ്ഥാനത്ത് മദ്യനയത്തിൽ എടുത്തത് എന്ന കാര്യത്തിൽ സംശയമില്ല. ഒരു ഗവൺമെന്റും എടുക്കാത്ത നടപടിയാണ് സ്വീകരിച്ചത്. ഗവൺമെന്റ് എടുത്ത നടപടികളിൽ പിൽക്കാലത്തുവന്ന കേടതിവിധിയും തൊഴിലാളികളുടെ പ്രശ്നവും ടൂറിസവും തുടങ്ങി അനുബന്ധമായ വിഷയങ്ങൾ വച്ചുകൊണ്ട് ഒരു തീരുമാനമെടുക്കാനാണ് ക്യാബിനറ്റിനെ ചുതലപ്പെടുത്തിയത്. മദ്യനയം അട്ടിമറിക്കുന്നുവെന്ന് പറഞ്ഞത്

അടിസ്ഥാനരഹിതമാണ്. കേസ് അട്ടിമറിക്കുന്നുവെന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. വിജിലൻസിന്റെ പേരിൽ പുറത്തുവരുന്ന സംഭ്രമജനകമായ വാർത്തകൾ അടിസ്ഥാനരഹിതമാണ്. വിജിലൻസ് സത്യസന്ധവും നീതിപൂർവ്വവുമായ നിലയിൽ അന്വേഷിക്കും. വിജിലൻസ് ഡയറക്ടറെ മാറ്റുന്നുവെന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. അതുകൊണ്ട് ഈ കേസ് അട്ടിമറിക്കുന്നുവെന്ന ശ്രീ. മാത്യു റ്റി. തോമസിന്റെ വാദം നിരർത്ഥകമാണ്. സത്യസന്ധമായ നിലയിൽ അന്വേഷണം മുന്നോട്ട് കൊണ്ടുപോകുമെന്ന് ഈ സഭയെ ഞാൻ അറിയിക്കുന്നു. സഭയിലൂടെ ജനങ്ങളെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേരളത്തിലെ പ്രമുഖ പത്രമായ മലയാള മനോരമയിൽ പറയുന്നത് മദ്യ നയം മാറ്റം.....

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, അങ്ങയെ വിളിച്ചത് അങ്ങ് തന്ന സബ്മിഷൻ അവതരിപ്പിക്കാനാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഇത് ഞങ്ങൾക്ക് വാക്ക്ഔട്ട് നടത്തുന്നതിനുവേണ്ടിയുള്ള പ്രസംഗമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: വാക്കൗട്ട് വേണമെങ്കിൽ നടത്താം. പക്ഷെ സബ്മിഷനിൽ വാക്കൗട്ടിനായി പ്രസംഗിക്കാൻ കഴിയില്ല.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: സർ, സബ്മിഷനായി തരാമെന്ന് പറഞ്ഞതുകൊണ്ടാണ് ശ്രീ. മാത്യു റ്റി. തോമസ് അതിൽ പങ്കെടുത്തത്. അടിയന്തരപ്രമേയം തരാൻ സാധിക്കില്ല, സബ്മിഷനായി തരാമെന്ന് പറഞ്ഞപ്പോൾ സ്വാഭാവികമയും നമ്മൾ ധരിച്ചത് അടിയന്തര പ്രമേയത്തിന്റെ സ്വഭാവത്തോടുകൂടിയ സബ്മിഷൻ എന്നാണ്. അദ്ദേഹം പറഞ്ഞത് അങ്ങ് ശ്രദ്ധിച്ചുകാണുമല്ലോ. അടിയന്തര പ്രമേയത്തിന് ആധാരമായ പ്രശ്നം തന്നെയാണ്. അടിയന്തര പ്രമേയം ഡിസ്അലൗ ചെയ്യുമ്പോൾ സ്വാഭാവികമായും പ്രതിപക്ഷത്തിന്റെ അഭിപ്രായ പ്രകടനം നടത്തേണ്ടതായിട്ടുണ്ട്. അതിനാണ് ഞാൻ എഴുന്നേറ്റ് നിൽക്കുന്നത്. അതുകൊണ്ട് കേരളത്തിലെ മദ്യനയത്തിന്റെ കാര്യത്തിൽ മാറ്റം വരുത്തുകയും.......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇല്ല... ഇത് അനുവദിക്കാൻ സാധ്യമല്ല.....(ബഹളം)....

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: സർ, അതുകൊണ്ട് കേരളത്തിന്റെ മദ്യ നയത്തിന്റെ കാര്യത്തിൽ മാറ്റം വരുത്തുകയും....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സബ്മിഷനിൽ വാക്കൗട്ട് പ്രസംഗം നടത്താൻ പാടില്ല. ....(ബഹളം).... ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ അങ്ങേയ്ക്ക് അറിയാവുന്നതല്ലേ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഈ സഭയിൽ എത്രയോ പ്രാവശ്യം

ഇത്തരത്തിൽ അനുവദിച്ചിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് ശരിയല്ല. സംസാരിക്കാൻ കഴിയില്ല. അത് ശരിയല്ല.... അടിയന്തര പ്രമേയത്തെ സംബന്ധിച്ച് വാക്കൗട്ട് നടത്തുമ്പോൾ മാത്രമേ കക്ഷി നേതാക്കൾക്ക് സംസാരിക്കാൻ കഴിയൂ. അല്ലാതെ സബ്മിഷന് വാക്കൗട്ട് നടത്തുമ്പോൾ കക്ഷി നേതാക്കൻമാർക്ക് സംസാരിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട സീനിയർ അംഗങ്ങൾ, ഇതിനെസംബന്ധിച്ച് അറിയാവുന്ന അംഗങ്ങൾ വെറുതേ സംസാരിച്ച് സമയം കളയരുത്. ......(ബഹളം)...... അങ്ങനെയെങ്കിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് മാത്രം സംസാരിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരന്റെ അഭിപ്രായത്തെ പ്പോലും അവഗണിച്ചുകൊണ്ട് കേരള ഗവൺമെന്റിന്റെ മദ്യനയത്തിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നു എന്നുള്ള വസ്തുതയാണ് മാധ്യമങ്ങളിലെല്ലാം വലിയ പ്രാധാന്യത്തോടുകൂടി വന്നിട്ടുള്ളത്. ബാർ കച്ചവടക്കാരുടെ പ്രസിഡന്റ് ഉന്നയിച്ച ആക്ഷേപങ്ങളിൽ അയവുവരുത്തുകയും അദ്ദേഹം ഉന്നയിച്ച ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പ്രതികളാക്കപ്പെട്ടയാളുകളെയെല്ലാം രക്ഷിക്കുന്നതിനുവേണ്ടിയും മദ്യരാജാക്കന്മാർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കത്തക്ക രീതിയിൽ ഗവൺമെന്റ്

നയത്തിൽ മാറ്റം വരുത്തിയിരിക്കുകയാണ്. അതുപോലെ സാക്ഷികളെയെല്ലാം സ്വാധീനിക്കാൻ തരത്തിലുള്ള ഒരു പുതിയ അന്വേഷണ കമ്മീഷനെയും നിയമിച്ചുവെന്നാണ് മനസ്സിലാകുന്നത്. അതിന്റെ സത്യാവസ്ഥയെല്ലാം ഗവൺമെന്റിന്റെ നടപടികളുടെ ഫലമായി പുറത്ത് വന്നതിനുശേഷമേ മനസ്സിലാക്കാൻ കഴിയുകയുള്ളൂ. ഈ നിലയിൽ പ്രഖ്യാപിതമായ മദ്യനയത്തിൽതന്നെ മാറ്റം വരുത്തിക്കൊണ്ട്, കുറ്റവാളികളെ രക്ഷിക്കുന്നതിനും; കെ.പി.സി.സി. പ്രസിഡന്റിന്റെപോലും ശക്തമായ എതിർപ്പിനെ അവഗണിച്ചുകൊണ്ട് മദ്യനയം നടപ്പിലാക്കാനാണ് തുനിഞ്ഞിരിക്കുന്നത്. എന്തിനുവേണ്ടി? മുഖ്യമായും അഴിമതിക്കാരെ രക്ഷിക്കാൻവേണ്ടി. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മാത്രമാണ് മദ്യവർജ്ജനം എന്ന നയം സ്വീകരിച്ചിട്ടുള്ളത്. ഞങ്ങളുടെ നയം മദ്യനിരോധനമാണെന്ന് നിങ്ങൾ ആദ്യമേതന്നെ പ്രഖ്യാപിച്ചു. ഇപ്പോൾ എവിടെയെത്തി? മദ്യരാജാക്കന്മാർക്ക് കീഴടങ്ങിക്കൊണ്ട്, നിങ്ങളുടെ ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ യാതൊരു കാരണവശാലും മദ്യരാജാക്കന്മാരെ നിങ്ങൾ മുന്നോട്ടുപോകരുത്, ഞങ്ങളെ സഹായിക്കണം, ഞങ്ങളെ സഹായിക്കണം എന്നുപറയേണ്ട അവസ്ഥയിലെത്തിയിരിക്കുകയാണ്. ഞങ്ങളുടെ ഗവൺമെന്റിനെ നിലനിർത്താൻ

ഇതുമാത്രമേ വഴിയുള്ളൂ എന്നുള്ള അടിസ്ഥാനത്തിൽ ഒരു മൊഴി കൊടുക്കലിനു സാവകാശം തരാമെന്ന് അവരെ പറഞ്ഞ് മനസ്സിലാക്കി ഈ കേസ് തന്നേ അട്ടിമറിക്കാനുള്ള ഒരു ശ്രമമാണ് നിങ്ങൾ നടത്തിയിരിക്കുന്നത്. അതിൽ പ്രതിഷേധിച്ച് പ്രതിപക്ഷമാകെ തന്നെ വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽനിന്നും പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചെത്തുകയും ചെയ്തു.)

വികലാംഗ ജീവനക്കാർക്ക് സർവ്വീസ് നീട്ടി നൽകൽ

ശ്രീ. കെ. മുരളീധരൻ: സർ, സംസ്ഥാന സർക്കാരിലെയും അനുബന്ധമേഖലകളിലെയും വികലാംഗരായ ജീവനക്കാർക്ക് 62 വയസ്സുവരെയെങ്കിലും സർവ്വീസ് നീട്ടിനൽകുന്നത് സംബന്ധിച്ച് സർക്കാർ അനുഭാവപൂർവ്വമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷൻ അവതരിപ്പിച്ചുകൊണ്ട് ഞാൻ അഭ്യർത്ഥിക്കുകയാണ്. വികലാംഗർക്ക് പി.എസ്.സി. വഴി ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി ഇപ്പോൾ തന്നെ 46 വയസ്സാണ്. പരീക്ഷ എഴുതി ജോലി ലഭിക്കുമ്പോൾ സ്വാഭാവികമായും 50 വയസ്സ് കഴിയുന്നു. താൽക്കാലികമായി ജോലി ചെയ്ത വികലാംഗരെ സ്ഥിരപ്പെടുത്തുന്ന

പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ച വികലാംഗരിൽ പലർക്കും ഒരു വർഷംപോലും റഗുലർ സർവ്വീസ് ലഭിക്കാത്ത അവസ്ഥയുണ്ട്. അതിനാൽ തന്നെ പെൻഷനും മറ്റു ആനുകൂല്യങ്ങളും അവർക്ക് കാര്യമായി ലഭിക്കുന്നില്ല. വികലാംഗർക്ക് മാത്രമായി സർവ്വീസ് നീട്ടിനൽകുന്നത് മറ്റു ജീവനക്കാരുടെ പ്രൊമോഷൻ അവസരങ്ങളെ ഇല്ലാതാക്കുന്നു എന്ന വാദമാണ് ഇപ്പോൾ ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്. നോർമൽ പെൻഷൻ തീയതിക്കുശേഷം വികലാംഗർക്ക് സർവ്വീസിൽ തുടർപ്രൊമോഷൻ നൽകണമെന്നില്ല. മാത്രമല്ല സർവ്വീസ് കാലാവധി മാത്രം നീട്ടിനൽകിയാൽ മതിയാകും. ഈ വിഷയത്തിൽ വികലാംഗരായ ജീവനക്കാർ നിരവധി നിവേദനങ്ങൾ സർക്കാരിന് നൽകിയെങ്കിലും ഇതുവരെയും അനുകൂല നടപടികളൊന്നുമുണ്ടായിട്ടില്ല. ഇങ്ങനെയുള്ള സാഹചര്യത്തിൽ സംസ്ഥാന സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ വികലാംഗരായ ജീവനക്കാർക്ക് 62 വയസ്സു വരെയെങ്കിലും സർവ്വീസ് നീട്ടിനൽകുന്നതിന് അനുകൂലമായ ഒരു ഉത്തരവ് പുറപ്പെടുവിക്കണം എന്ന് അഭ്യർത്ഥിക്കുന്നതിനോടൊപ്പം തന്നെ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ 125-ാം ജന്മദിനത്തിന്റെ ഭാഗമായി ഈയൊരു ആനുകൂല്യം വികലാംഗർക്ക് ഗവൺമെന്റ് നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ സബ്മിഷൻ അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, ബഹുമാനപ്പെട്ട അംഗം കെ. മുരളീധരൻ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്. അംഗവൈകല്യമുള്ളവരോട് അങ്ങേയറ്റത്തെ അനുഭാവപൂർവ്വമായ ഒരു സമീപനമാണ് ഗവൺമെന്റ് എപ്പോഴും സ്വീകരിക്കുന്നത്. അതുകൊണ്ടു തന്നെയാണ് 179 ദിവസം താൽക്കാലിക സേവനം ചെയ്ത 2677 പേർക്ക് സൂപ്പർ ന്യൂമററിയായി ഈ ഗവൺമെന്റ് ജോലി കൊടുത്തിട്ടുള്ളത്. അവരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട കാര്യത്തിൽ......., പെൻഷൻ പ്രായം വർദ്ധിക്കുമ്പോൾ എതിർപ്പുകളുണ്ടാകുന്നത് യുവാക്കളുടെ ഭാഗത്തുനിന്നാണ്. അവരുടെ എതിർപ്പുള്ളതുകൊണ്ടാണ് ഇല്ലെങ്കിൽ ഇന്നത്തെ 56 വയസ്സ് വർദ്ധിപ്പിക്കുന്നതിൽ ഒരു തെറ്റുമില്ല. അതുകൊണ്ട് യുവസംഘടനകളുമായി ചർച്ച ചെയ്ത് ഒരു ധാരണയിലെത്താതെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ വ്യക്തമായ ഒരു മറുപടി നൽകാൻ എനിക്ക് സാധിക്കില്ല. യുവസംഘടനകളുമായി ചർച്ചയിൽ ഈ പ്രശ്നം, പൊതുവായി പെൻഷൻ പ്രായം ഉയർത്താൻ അനുവദിക്കില്ലെങ്കിലും ഇവരുടെ കാര്യത്തിൽ ഒരു വീട്ടുവീഴ്ചയ്ക്കു തയ്യാറുണ്ടോ എന്നുള്ളത് അന്വേഷിക്കാം. അതോടൊപ്പം തന്നെ ഇവരുടെ പെൻഷൻ സംബന്ധിച്ച് ഗവൺമെന്റ് വളരെ

ഉദാരമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഫിസിക്കലി ചലഞ്ച്ഡായിട്ടുള്ള മൂന്നു വർഷത്തെ സർവ്വീസുള്ളവർക്ക് മിനിമം പെൻഷൻ വാങ്ങാൻ അർഹതയുണ്ട്. മൂന്നുവർഷം എന്ന് കണക്കാക്കുന്നത് രണ്ടുവർഷം കഴിഞ്ഞ് ഒരു ദിവസംകൂടി സർവ്വീസിൽ ഉണ്ടെങ്കിൽ മൂന്നു കൊല്ലമായി കണക്കിലെടുക്കും. പെൻഷന്റെ കാര്യത്തിൽ അത്ര ഉദാരമായ നയമാണ് സ്വീകരിച്ചിട്ടുള്ളത്. പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് ആലോചിച്ചുമാത്രമേ പറയാൻ സാധിക്കുകയുള്ളൂ. അതിനും ആവശ്യമായ ആലോചനകൾ നടത്തുന്നതാണ്.

## മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

ശ്രീ. കെ. ശിവദാസൻ നായർ: സർ, കേരള ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകൾ ഭീമമായ നഷ്ടത്തിലാണ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ മില്ലുകൾ ഇപ്പോൾ ഭാഗികമായി മാത്രമേ പ്രവർത്തിപ്പിക്കാൻ കഴിയുന്നുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 3 പുതിയ മില്ലുകൾ ആരംഭിച്ചുവെങ്കിലും ഇപ്പോഴും പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. ആ മില്ലുകൾക്ക് വേണ്ടി ചില സ്റ്റാഫിനെ നിയോഗിച്ച് അവരുടെ ശമ്പളം കൊടുത്തുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള; മുമ്പ് പ്രവർത്തിച്ചുകൊണ്ടിരുന്ന സ്ഥാപനങ്ങളായ പ്രഭുറാം മിൽസ്, കോട്ടയം ടെക്സ്റ്റൈൽസ്, എടരിക്കോട് തുടങ്ങിയ

മില്ലുകൾ ദൈനംദിനം പഞ്ഞി മേടിച്ച് വളരെ ചുരുങ്ങിയ തോതിൽ പ്രവർത്തനം നടത്തിക്കൊണ്ടുപോകുന്ന ഒരു സ്ഥിതിയാണുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം വലിയ തോതിൽ സാമ്പത്തിക സഹായം ചെയ്തു. കഴിഞ്ഞ ഗവൺമെന്റിനെ അപേക്ഷിച്ച് ഈ മില്ലുകളുടെ പ്രവർത്തനങ്ങൾക്കായി വലിയ തുക വ്യവസായ വകുപ്പിൽനിന്ന് നൽകുകയുണ്ടായി. പക്ഷേ ദൈനംദിനമെന്നോണം നഷ്ടം സഹിക്കുന്ന ഈ മില്ലുകൾക്ക് എത്ര തുക കൊടുത്തുകഴിഞ്ഞാലും ഏതാനും മാസങ്ങൾകൊണ്ട് ആ കൊടുക്കുന്ന തുക തീർന്നുപോകുന്ന ഒരു അവസ്ഥയാണ് ഇപ്പോഴുള്ളത്. ചെങ്ങന്നൂരിലെ പ്രഭുറാം മിൽസിന്റെ ഒരു മാസത്തെ നഷ്ടം 37 ലക്ഷം രൂപയാണ്. ഇത് ഭാഗികമായി പ്രവർത്തിക്കുന്നുള്ളൂവെങ്കിൽ നഷ്ടം കുറയും, ആ നിലയിലാണ്. അവിടെ സാമ്പത്തികമായ ബുദ്ധിമുട്ടുള്ളതുകൊണ്ട് ആരുടെ കൈയിൽനിന്ന് പഞ്ഞി മേടിക്കുന്നുവോ അയാൾതന്നെ നൂലും മേടിക്കുന്നു. അത്യാവശ്യത്തിന് ഈ പഞ്ഞി മേടിക്കുന്നയാളിൽനിന്ന് പണം മേടിച്ച് ശമ്പളം കൊടുക്കേണ്ട ഗതികേടുവരെ ഈ സ്ഥാപനത്തിനുണ്ടാകുന്നു. മാർക്കറ്റിൽ നൂലിനുള്ള വില യഥാർത്ഥത്തിൽ കെ.എസ്.ടി.സി.-യിലെ സ്ഥാപനങ്ങൾക്ക് ഇന്ന് ലഭിക്കുന്നില്ല. 230-240 രൂപ ഒരു കിലോ നൂലിന് വിലയുള്ളപ്പോൾ നമുക്ക് കിട്ടുന്നത് 180-200 രൂപ മാത്രമാണ് ലഭിക്കുന്നത്. എന്തുകൊണ്ടാണ്

ഇതുണ്ടാകുന്നത്? അഡ്വാൻസായി പണം കൊടുത്ത് പഞ്ഞി മേടിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് പഞ്ഞി മേടിക്കാൻ ആ ഏജന്റിനെ ആശ്രയിക്കേണ്ടി വരുന്നു. ആ ഏജന്റ് പറയുന്ന വിലയ്ക്ക് നൂൽ കൊടുക്കേണ്ടതായും വരുന്നു. ഇങ്ങനെ ഏജന്റിനെ ആശ്രയിക്കുന്ന സഹകരണ മില്ലുകളെല്ലാം പൂട്ടി, അവരെ ആശ്രയിച്ച് നമുക്ക് അധികകാലം മുന്നോട്ടുപോകാൻ സാധിക്കില്ല. അതുകൊണ്ട് സമഗ്രമായി ഇക്കാര്യത്തിൽ പഞ്ഞി മേടിക്കുകയും മാർക്കറ്റിന്റെ വിലയുടെ അടിസ്ഥാനത്തിൽ നൂൽ വിൽക്കാനും കഴിയണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മുംബൈയിൽ ഇതിനുള്ള സംവിധാനം കെ.എസ്.ടി.സി. ഒരുക്കിയിരുന്നുവെങ്കിലും മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അത് നിർത്തലാക്കി. അങ്ങനെ നിർത്തലാക്കിയതുകൊണ്ടാണ് ഇവിടെ വലിയ കുഴപ്പമുണ്ടാക്കിയതും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്കുമെത്തിച്ചത്. അതുകൊണ്ട് സ്വതന്ത്രമായി പഞ്ഞി മേടിക്കുവാനും നൂൽ വിൽക്കാനുമുള്ള ഒരു അവസരമുണ്ടാക്കണം. അങ്ങനെ സാമ്പത്തികസഹായം ചെയ്തുകൊണ്ടല്ലാതെ മുന്നോട്ടുപോകാൻ കഴിയില്ല. നിലവിലുള്ള സംവിധാനം കുറച്ചുകൂടി നവീകരിച്ചുകൊണ്ടു മാത്രമേ നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ വസ്തുതയുള്ള കാര്യമാണ്. സാമ്പത്തിക സഹായം കൊടുത്ത് ഇതിനെ നിലനിർത്താൻ കഴിയും മാർക്കറ്റ് വ്യത്യാസപ്പെട്ടുകൊള്ളും എന്നുകരുതി ഗവൺമെന്റ് ഇതുവരെയും അങ്ങനെയാണ് ചെയ്തത്. ഇപ്പോൾ സാമ്പത്തിക സഹായംകൊണ്ടൊന്നും രക്ഷപ്പെടില്ലായെന്നുള്ള സ്ഥിതി ടെക്സ്റ്റൈൽ മേഖലയിൽ വന്നിട്ടുണ്ട്. പഞ്ഞിയുടെയും നൂലിന്റെയും വില തമ്മിലുള്ള വ്യത്യാസം രാജ്യം മുഴുവനുണ്ട്. പക്ഷേ, ഇനി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എന്ത് interference പറ്റുമെന്നുള്ളത് വ്യവസായ വകുപ്പും ഫിനാൻസ് വകുപ്പുംകൂടി റിവ്യൂ ചെയ്യുന്നുണ്ട്, അതിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കും. അല്ലാതെ പ്രത്യേകിച്ചൊന്നും പറയാൻ കഴിയുന്നില്ല. രാജ്യമാകെ 2011 മുതൽ നിലനിൽക്കുന്ന മാന്ദ്യമാണ് ഈ വ്യവസായ മേഖലയെ ബാധിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ സിസ്റ്റത്തിൽ എന്തെങ്കിലും മാറ്റം വരുത്തി എന്തു ചെയ്യാൻ കഴിയുമെന്നുള്ളത് സംബന്ധിച്ച് ആലോചിക്കാം.

## സർവ്വീസ് റോഡ് നിർമ്മാണം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ദേശീയപാത 47-ൽ വാളയാർ-വടക്കാഞ്ചേരി നാലുവരി പാതയിൽ ഉൾപ്പെട്ട നാലകംപള്ളി പാലം

മുതൽ കൂട്ടുപാത ജീവാസ് തീയേറ്റർ വരെയുള്ള പ്രദേശത്ത് സർവ്വീസ് റോഡ് നിർമ്മിച്ചിട്ടില്ല. കേരളത്തിലെ രണ്ടാമത്തെ വലിയ വ്യാവസായിക മേഖലയായ കഞ്ചിക്കോടിനോട് ചേർന്നുകിടക്കുന്ന ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശത്ത് സർവ്വീസ് റോഡിന്റെ അഭാവം ഗുരുതരമായ യാത്രാക്ലേശമാണ് ഉണ്ടാക്കുന്നത്. ഈ ഭാഗത്തുള്ള ഈ റോഡിന് ഒന്നര കി.മീ ദൂരം മാത്രമാണുള്ളത്. ദേശീയപാതയിലേയ്ക്ക് നേരിട്ട് പ്രവേശിക്കുന്ന 21 റോഡുകൾ ഇരുവശങ്ങളിലുമായി ഉണ്ട്. അതുവഴി ദേശീയപാതയിലേയ്ക്ക് നേരിട്ട് കയറുന്നതിനും തിരിച്ച് പോകുന്നതിനുമുള്ള വാഹനങ്ങൾ, പാതയിലെ സുഗമമായ ഗതാഗതത്തിന് തടസ്സമാകുകയും സമീപഭാവിയിൽ തന്നെ ഇതൊരു അപകടമേഖലയായി മാറുകയും ചെയ്യുന്നതാണ്. എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ഈ സ്ഥലത്ത് സർവ്വീസ് റോഡ് പണിയണമെന്ന ആവശ്യം ശക്തമായി ഉയർന്നുവന്നിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരും നാഷണൽ ഹൈവേ അതോറിറ്റിയും അനങ്ങാപ്പാറ നയമാണ് സ്വീകരിച്ചിരിക്കുന്നത്. നാട്ടുകാരുടെ ഈ ആവശ്യം നേടിയെടുക്കുന്നതിന് അടിയന്തരമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും വിവരസാങ്കേതികവും

വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, എൻ.എച്ച്. 47-ലെ വാളയാർ മുതൽ വടക്കാഞ്ചേരി വരെയുള്ള ഭാഗം നാല് വരി പാതയാക്കുന്നതിനുള്ള പ്രവർത്തി ദേശീയപാത അതോറിറ്റിയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ കൺസ്ട്രക്ഷൻ എഗ്രിമെന്റിൽ നാലകംപള്ളി പാലം മുതൽ കുട്ടുപാത ജീവാസ് തീയേറ്റർ വരെയുള്ള ഭാഗത്ത് സർവ്വീസ് റോഡ് നിർമ്മാണം ഉൾപ്പെടുന്നില്ല. സ്ഥലവാസിയും പാലക്കാട് ലോകസഭാംഗവും ഈ ആവശ്യമുന്നയിച്ച് നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ 3.5 കി.മീ നീളത്തിൽ ഏകദേശം 25.6 കോടി രൂപ ചെലവിൽ ഇരുവശങ്ങളിലും സർവ്വീസ് റോഡ് നിർമ്മിക്കുന്നതിന് കൺസ്ട്രക്ഷൻ എഗ്രിമെന്റിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുള്ള ശിപാർശ ദേശീയപാത അതോറിറ്റിക്ക് സമർപ്പിച്ചിരുന്നു. പിന്നീട് പാലക്കാട് ലോകസഭാ മെമ്പറുടേയും പുതുശ്ശേരി കോ-ഓർഡിനേഷൻ കമ്മിറ്റിയുടേയും കത്ത് പ്രകാരം നാലകംപള്ളി പാലം മുതൽ പുതുശ്ശേരി വെസ്റ്റ് വില്ലേജ് ഓഫീസ് വരെയുള്ള ഭാഗത്തിന്റെ വലത് വശത്ത് 2.1 കിലോമീറ്റർ സർവ്വീസ് റോഡ് നിർമ്മിക്കുന്നതിനും ഇടതുവശത്തുള്ള പഴയ ദേശീയപാത ശക്തിപ്പെടുത്തി സർവ്വീസ് റോഡ് ആരംഭിക്കുന്നതിനും അഭ്യർത്ഥിക്കുകയുണ്ടായി. അതുപ്രകാരം സർവ്വീസ് റോഡ് നിർമ്മിക്കുന്നതിന് ഏകദേശം 15 കോടിരൂപ ചെലവുവേണ്ടി വരും. ഈ പ്രവൃത്തി

കൺസ്ട്രക്ഷൻ എഗ്രിമെന്റിൽ ഉൾപ്പെടുത്തുന്നതിനുള്ള പുതുക്കിയ ശിപാർശ പ്രോജക്ട് ഡയറക്ടർ ദേശീയപാത അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിന് അംഗീകാരം ലഭിക്കുന്നതിനുവേണ്ടിയുള്ള സമ്മർദ്ദം കേരള ഗവൺമെന്റ് നാഷണൽ ഹൈവേ അതോറിറ്റിയിൽ ചെലുത്തുന്നതാണ്. അതോടൊപ്പം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യങ്ങൾ ചെയ്യുന്നതാണ്.

കേന്ദ്ര പാക്കേജിന്റെ ആനുകൂല്യം ലഭ്യമാക്കൽ

ശ്രീ. കെ. കെ. നാരായണൻ : സർ, കേന്ദ്ര ഗവൺമെന്റ് 2011-ലെ ബഡ്ജറ്റിൽ 3358 കോടി രൂപയുടെ പാക്കേജാണ് കൈത്തറി പുനരുദ്ധാരണ പദ്ധതിക്കുവേണ്ടി അന്ന് പ്രഖ്യാപിച്ചത്. ഇതിന്റെ ആനുകൂല്യങ്ങൾ കേരളത്തിൽ 124 സംഘങ്ങൾക്ക് മാത്രമാണ് ലഭിച്ചത്. പ്രത്യേകിച്ച് കണ്ണൂർ, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലുള്ള ഒരു സംഘത്തിനും ആനുകൂല്യം ലഭിച്ചിട്ടില്ല. ഇവർക്ക് കൊടുക്കാനുള്ള സംവിധാനം വേഗം ഉണ്ടാക്കുമെന്ന് വ്യവസായ വകുപ്പുമന്ത്രി നേരത്തേ പ്രഖ്യാപിച്ചതാണ്. എന്നാൽ ഇതുവരെയൊന്നും നടന്നില്ല. എന്നാൽ മേൽപ്പറഞ്ഞ പാക്കേജ് പ്രകാരം പലിശയും കടവും എഴുതിത്തള്ളുമെന്നുള്ള പ്രതീക്ഷവച്ച് സംഘങ്ങൾ കാത്തുനിൽക്കുകയാണ്. തകർച്ചയിൽനിന്ന് തകർച്ചയിലേയ്ക്ക് പോയി കൊണ്ടിരിക്കുന്ന കൈത്തറി സംഘങ്ങളെ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച

ആനുകൂല്യങ്ങൾ നേടിക്കൊടുത്ത് കടക്കെണിയിൽ നിന്ന് ആ സംഘങ്ങളെ രക്ഷപ്പെടുത്താനുള്ള സംവിധാമുണ്ടാക്കുമോയെന്നാണ് എനിക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ളത്.

സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇത് രണ്ട് ഘട്ടമായാണ് കൊടുക്കുന്നത്. 122 പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കേന്ദ്രവിഹിതമായി 23.3 കോടി രൂപയും സംസ്ഥാന വിഹിതമായി 5.98 കോടി രൂപയും വിതരണം ചെയ്തുകഴിഞ്ഞു. രണ്ടാം ഗഡുവായി 83 കോടി രൂപ 24.09.2014-ൽ കേന്ദ്രത്തിൽനിന്നു ലഭിച്ചു. 11.12.2014-ൽ 82 കോടി രൂപ വിതരണം ചെയ്യുന്നതിന് കൈത്തറി ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ നിന്ന് തിരുവനന്തപുരം, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ പാക്കേജിൽ ഉൾപ്പെട്ട മുഴുവൻ സംഘങ്ങൾക്കും പാക്കേജനുസരിച്ചുള്ള തുക വിതരണം ചെയ്യുന്നതാണ്.

പ്രത്യേക പാക്കേജ്

ശ്രീ. ജോസഫ് വാഴക്കൻ: സർ, അവയവങ്ങൾക്ക് ഗുരുതരമായ രോഗം ബാധിച്ച് അവയവമാറ്റ ശസ്ത്രക്രിയക്ക് വിധേയരാകുന്ന രോഗികൾക്കും ഡോണർമാർക്കും ശസ്ത്രക്രിയയ്ക്കും തുടർ ചികിത്സയ്ക്കുമായി വളരെയധികം തുക

ചെലവാകുന്ന സാഹചര്യത്തിൽ ഇവർക്കായി കാരുണ്യ ബെനവലന്റ് പദ്ധതിയിൽനിന്ന് പ്രത്യേക പാക്കേജായി തുക അനുവദിക്കണമെന്നാണ് ഈ സബ്മിഷൻ മുഖേന ഞാൻ അഭ്യർത്ഥിക്കുന്നത്. കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരാകുന്നവർക്ക് ശസ്ത്രക്രിയയ്ക്കും തുടർ ചികിത്സയ്ക്കുമായി ഏകദേശം അമ്പത് ലക്ഷം രൂപയോളം ചെലവാകുന്നുണ്ട്. ഇവർക്ക് ഏറ്റവും കുറഞ്ഞത് 10 ലക്ഷം രൂപയെങ്കിലും കാരുണ്യ പദ്ധതിവഴിയായും ഗവൺമെന്റിൽനിന്നും അനുവദിക്കേണ്ടതായിട്ടുണ്ട്. ഇവരുടെ ഡോണർമാർക്കും സൗജന്യ നിരക്കിൽ മരുന്ന് ലഭ്യമാക്കണമെന്നും ഇവരുടെ ശസ്ത്രക്രിയയ്ക്കും തുടർ ചികിത്സയ്ക്കുംവേണ്ടി മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ പ്രത്യേകമായ പാനൽ രൂപീകരിച്ച് ഇവരുടെ വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്ക് ശസ്ത്രക്രിയയ്ക്കും തുടർ ചികിത്സയ്ക്കുമായി ഏകദേശം 20 ലക്ഷത്തോളം രൂപ ചെലവാകുന്നുണ്ട്. ഇവർക്കും ഏറ്റവും കുറഞ്ഞത് 10 ലക്ഷം രൂപയെങ്കിലും അനുവദിക്കാനുള്ള തീരുമാനം ഉണ്ടാകണം. കരൾമാറ്റശസ്ത്രക്രിയ രംഗത്ത് കേരളത്തിന്റെ ഇപ്പോഴത്തെ സ്ഥിതി സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ആശാവഹമല്ല. ഏറ്റവും പ്രധാനം ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. അമൃത, ലേക്ക്ഷോർ, മെഡിക്കൽ

ട്രസ്റ്റ്, നിംസ്, കിംസ് തുടങ്ങിയ വലിയ പണച്ചെലവുള്ള സ്വകാര്യ ആശുപത്രികളിൽ മാത്രമാണ് നിലവിൽ ശസ്ത്രക്രിയ സംവിധാനമുള്ളത്. പ്രത്യേക ഉത്തരവ് വഴി മാത്രമേ ഇത്തരം ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നവർക്ക് കാരുണ്യ പദ്ധതിയിൽനിന്ന് സഹായം ലഭിക്കുന്നുള്ളൂ. സ്വകാര്യ ആശുപത്രികളിൽനിന്നും ചികിത്സാ ചെലവിന്റെ കാര്യത്തിൽ വിട്ടുവീഴ്ചയൊന്നും ലഭിക്കാറുമില്ല. പല ശസ്ത്രക്രിയകൾക്കും സംഘടനകളും നാട്ടുകാരും ചേർന്നാണ് ചികിത്സയ്ക്കാവശ്യമായ തുക സംഭരിക്കുന്നത്. സർക്കാർ ആശുപത്രികളിൽ അടിയന്തരമായി കരൾമാറ്റശസ്ത്രക്രിയ സംവിധാനങ്ങൾ ഏർപ്പെടുത്തുകയാണ് ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മാർഗ്ഗം. കാരുണ്യ ബെനവലന്റ് ഫണ്ട് ലഭ്യമാക്കുന്നതടക്കമുള്ള കാര്യങ്ങളിൽ കരൾമാറ്റ ശസ്ത്രക്രിയ നടത്തുന്ന ആശുപത്രികളുമായി കരാർ ഉണ്ടാക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് ഈ സബ്മിഷൻ മുഖേന അഭ്യർത്ഥിക്കാനുള്ളത്. സർക്കാരിന് നിരവധി കാര്യങ്ങൾ ചെയ്യാനുണ്ട്. അത്തരം കാര്യങ്ങളെക്കുറിച്ചുകൂടി വളരെ ഗൗരവമായി ആലോചിക്കണം. സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സംവിധാനംകൂടി ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം.</u>

മാണി): സർ, കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി വഴി ക്യാൻസർ, ഹൃദ്രോഗം, വൃക്ക രോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറിക്കും കരൾ, വൃക്ക തുടങ്ങിയ അവയവങ്ങൾ മാറ്റിവെയ്ക്കുന്നതുൾപ്പെടെയുള്ള ചികിത്സയ്ക്കും ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്ന നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾക്ക് പരമാവധി രണ്ട് ലക്ഷം രൂപ ചികിത്സാ സഹായമായി നൽകിവരുന്നുണ്ട്. എന്നാൽ ഹീമോഫീലിയ രോഗികൾക്ക് അനുവദിച്ചുവരുന്ന പരമാവധി ചികിത്സാ സഹായമായ രണ്ട് ലക്ഷം രൂപയ്ക്ക് പുറമേ, തുടർന്നും മരുന്നാവശ്യമായി വന്നാൽ ഒരു ലക്ഷം രൂപ കൂടി കാരുണ്യ ഫണ്ടിൽനിന്നും അനുവദിച്ചുവരുന്നുണ്ട്. ഇവർക്ക് സൗജന്യ ചികിത്സ നൽകുന്ന കാര്യവും പരിഗണിച്ചുവരുന്നുണ്ട്. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ രോഗിക്ക് പുറമേ, അവയവ ദാതാവിനുള്ള ചികിത്സയ്ക്ക് കാരുണ്യ ഫണ്ടിൽനിന്നും ഒരു ലക്ഷം രൂപ അനുവദിക്കുന്നുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി ഒരു തുടർ ചികിത്സാ സഹായ പദ്ധതി അല്ലാത്തതിനാൽ ചികിത്സാ അവസാനം വരെ ധനസഹായം ലഭ്യമാക്കാൻ സാധിക്കുകയില്ല. ഇപ്പോൾ രണ്ട് കാരുണ്യ ലോട്ടറിയിൽനിന്നും കിട്ടുന്ന ലാഭം ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. എന്നാൽ പ്രസ്തുത ലോട്ടറികളിൽനിന്നുള്ള വരുമാനത്തേക്കാൾ ചികിത്സാച്ചെലവ്

അധികരിച്ചിരിക്കുന്നതിനാൽ അവയവമാറ്റ ശസ്ത്രക്രിയയ്ക്കുൾപ്പെടെ കൂടുതൽ തുടർ ചികിത്സാ സഹായം അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ കാരുണ്യ പദ്ധതിയുടെ പരിഷ്ക്കരണത്തിനായി എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുന്നതിനും പാക്കേജ് വിപുലീകരിക്കുന്നതിനും ആരോഗ്യവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പാക്കേജ് പരിഷ്ക്കരിക്കുന്നതിനുള്ള അനന്തര നടപടി സ്വീകരിക്കുന്നതാണ്. അപ്പോൾ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളൊക്കെ തീർച്ചയായും സംരക്ഷിക്കപ്പെടുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കാൻ പോവുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അടുത്ത മാസം മുതൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ നടത്തുന്നതിലേയ്ക്കുവേണ്ടിയുള്ള എല്ലാ സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. അതിന്റെ അടുത്ത ഘട്ടത്തിൽ കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലേയ്ക്കും കരൾമാറ്റ ശസ്ത്രക്രിയ നടത്തുന്നതിലേയ്ക്ക് വേണ്ടിയുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോവുകയാണ്.

മി. ചെയർമാൻ: കൺഗ്രാജുലേഷൻസ് മിനിസ്റ്റർ.

## അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കൽ

ശ്രീ. പി. റ്റി. എ. റഹീം: സർ, കണ്ണൂർ ജില്ലയിലെ പടിയൂർ, മലപ്പുറം ജില്ലയിലെ മുതുവല്ലൂർ, കോഴിക്കോട് ജില്ലയിലെ പെരുമണ്ണ എന്നിവിടങ്ങളിലായി 2008-ൽ ഗവൺമെന്റ് മൂന്ന് ഹൈസ്കൂളുകൾ ആരംഭിക്കുകയുണ്ടായി. പെരുമണ്ണ ഒഴികെ രണ്ട് സ്കൂളുകളിലെയും എല്ലാ അദ്ധ്യാപക പോസ്റ്റുകളും 2011-ൽത്തന്നെ അംഗീകരിച്ച് നൽകിയിട്ടുണ്ട്. 2010-ൽ കോഴിക്കോട് ജില്ലയിലെ ചെറുവാടി, നല്ലളം എന്നിവിടങ്ങളിൽ രണ്ട് ഹൈസ്കൂളുകൾ കൂടി ആരംഭിച്ചു. ആ സ്കൂളുകളിലെയും എല്ലാ പോസ്റ്റുകളും അനുവദിച്ചിട്ടുണ്ട്. പക്ഷേ ഇപ്പോഴും പെരുമണ്ണ ഇ.എം.എസ്. ഗവൺമെന്റ് ഹൈസ്കൂളിലെ അദ്ധ്യാപക തസ്തികകൾ അനുവദിച്ച് തന്നിട്ടില്ല. ധാരാളം അദ്ധ്യാപകർ ജോലിയില്ലാതെ ശമ്പളം വാങ്ങി പലയിടങ്ങളിലായി നിൽക്കുന്നുണ്ട്. പോസ്റ്റ് ക്രിയേറ്റ് ചെയ്യാത്തതുകൊണ്ട് അവരെ ട്രാൻസ്ഫർ ചെയ്യാൻ സാധിക്കുകയില്ലെന്നാണ് വിദ്യാഭ്യാസ വകുപ്പ് പറയുന്നത്. നിയമന നിരോധനം അടുത്ത മാർച്ച് 31 വരെയുള്ളതുകൊണ്ട് ഈ ആളുകളെ പുനർവിന്യസിപ്പിക്കാൻവേണ്ടി സർക്കാർ പോസ്റ്റ് ക്രിയേറ്റ് ചെയ്തു തരണമെന്നാണ് എന്റെ അപേക്ഷ. അത് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 27.11.2007-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം ആരംഭിച്ച പെരുമണ്ണ ഇ. എം. എസ്. സ്കൂളിലെ 14 തസ്തികകൾ മന്ത്രിസഭാ യോഗത്തിന്റെ അനുമതിയോടെ സൃഷ്ടിക്കുകയുണ്ടായി. അതിനുപുറമെ എച്ച്. എം. -1, എച്ച്. എസ്. എ. - 4, മ്യൂസിക് ടീച്ചർ - 1, ക്ലാർക്ക് - 1, എഫ്.ടി.എം. (Full-time Menial) -1 എന്നീ തസ്തികകൾ കൂടി 30.11.2010-ലെ ഡി.ഇ.ഒ. (District Educational Officer) യുടെ നടപടി പ്രകാരം സൃഷ്ടിക്കുകയുണ്ടായി. ഇത് Kerala Financial Code, Volume-I, Article- 69 (a) പ്രകാരം തെറ്റായ നടപടിയായതിനാൽ ഡി.ഇ.ഒ.യോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ആയതിന് ഡി.ഇ.ഒ. വിശദീകരണം നൽകിയിരിക്കുന്നത് ഇപ്രകാരമാണ്. 'ടി തസ്തികകൾ യഥാർത്ഥത്തിൽ സൃഷ്ടിക്കപ്പെട്ടവയല്ലെന്നും എന്നാൽ 05.10.2012-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം ടി സ്കൂളിൽ എച്ച്. എം. തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും മറ്റ് തസ്തികകളിൽ താൽക്കാലികമായി സംരക്ഷിത അദ്ധ്യാപകരെയാണ് നിയമിച്ചിട്ടുള്ളതെന്നും അറിയിക്കുന്നു.' മേൽ നടപടി സാധൂകരിക്കുന്നതിനും എച്ച്. എസ്. എ. - 4, മ്യൂസിക് ടീച്ചർ - 1, ക്ലാർക്ക് -1, എഫ്.ടി.എം. (Full-time Menial) -1 എന്നീ തസ്തികകൾ സൃഷ്ടിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിരിക്കുന്ന ഫയൽ ധനകാര്യ

വകുപ്പ് ഇപ്പോൾ പരിശോധിച്ചുവരികയാണ്.

## കുട്ടനാടൻ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. ജി. സുധാകരൻ : സർ, കുട്ടനാടൻ കാർഷിക മേഖലയിലെ കർഷകർ ഇന്ന് വളരെ ദുരിതത്തിലാണ്. നെൽക്കൃഷിയാണ് അവരുടെ പ്രധാന ഉപജീവനമാർഗ്ഗമെന്ന് അറിയാമല്ലോ. കുട്ടനാട് പാക്കേജും കർഷകർക്ക് പ്രയോജനം ചെയ്യുന്നില്ല. നെൽകർഷകർക്കാവശ്യമായ സഹായധനം, വിത്ത്, വളം, മെതിയന്ത്രം എന്നിവ സമയബന്ധിതമായി ലഭ്യമായില്ല. കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ലുമുഴുവൻ സംഭരിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തയ്യാറായില്ല. നെല്ല് സംഭരിക്കാതെ മാസങ്ങളോളം പാടശേഖരങ്ങളിൽ കിടന്ന് നശിക്കുന്നു. നെല്ലിൽ നനവ് കൂടുതലുണ്ടെന്ന കാരണം പറഞ്ഞ് കർഷകരെ ചൂഷണം ചെയ്യുന്നു. നെല്ലിന്റെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ വിലനിശ്ചയിച്ച് കർഷകർ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംഭരിക്കാനുള്ള നടപടികൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുകയാണ്. കുട്ടനാടൻ കാർഷിക മേഖലയിലെ കർഷകരുടെ പ്രധാന ഉപജീവനമാർഗ്ഗങ്ങളാണ് താറാവ് വളർത്തലും ഉൾനാടൻ മത്സ്യബന്ധനവും. ഏകദേശം പത്ത് ലക്ഷത്തോളം താറാവുകൾ ഈ മേഖലയിലുണ്ടെന്നാണ് കണക്ക്. ഇതിൽ അമ്പത് ലക്ഷം താറാവുകൾക്ക് പക്ഷിപ്പനി ബാധിച്ചു എന്നാണ്

അനൗദ്യോഗിക കണക്ക്. ആറുമാസംമുമ്പേ രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങുകയും താറാവുകൾ ചത്തൊടുങ്ങുകയും ചെയ്തിട്ടും നവംബർമാസം അവസാന വാരമാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്. രോഗപ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ആയിരക്കണക്കിന് താറാവുകളെ കൊന്നൊടുക്കി. പക്ഷിപ്പനിയുടെ ലക്ഷണങ്ങൾ കാണാത്ത മേഖലയിലെ താറാവുകളെ കൊല്ലേണ്ടതുണ്ടായിരുന്നോ എന്ന് പരിശോധിക്കണം. മനുഷ്യത്വപരമായ സമീപനം പക്ഷികളോട് കാണിക്കണ്ടേ? ഒരു വീട്ടിലെ ഒരാൾക്ക് രോഗം വന്നാൽ മറ്റുള്ളവരെയെല്ലാം കൊല്ലുക എന്നുള്ളത് നാട്ടിൽ നടപ്പുള്ള കാര്യമല്ല. ഹിറ്റ്ലറുടെ കാലത്ത് നാസികളെ കോൺസെൻട്രേഷൻ ക്യാമ്പുകളിൽ (concentration camps) നിന്നും ഗ്യാസ് ചേമ്പറിൽ കൊണ്ടുപോയി കൊന്നതുപോലെ കൂട്ടക്കൊല ചെയ്യുകയാണ് ഗവൺമെന്റ് ഉദ്യോഗസ്ഥർ ചെയ്തത്. ആലപ്പുഴ ജില്ലാ ഭരണകൂടം പക്ഷികളെ കൂട്ടത്തോടെ കൊന്നൊടുക്കിയ പല പ്രദേശങ്ങളിലും പക്ഷിപ്പനിമൂലമല്ലെന്നാണ് ഇപ്പോൾ പറയുന്നത്. ഇക്കാര്യങ്ങൾ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. ഭാവിയിൽ വ്യക്തതയില്ലാത്ത നടപടികൾ സ്വീകരിക്കുന്നത് ഒഴിവാക്കാനും ഇത് സഹായിക്കും. രോഗം സ്ഥിരീകരിക്കുന്നതിനുമുമ്പ് ചത്ത താറാവുകൾക്ക് നഷ്ടപരിഹാരം നൽകിയേ മതിയാകൂ. മുട്ടയിടുന്നതും മുട്ടയിടാത്തതുമായ

താറാവുകൾക്ക് ഓരോന്നിനും മുന്നൂറ് രൂപ വച്ച് നഷ്ടപരിഹാരം നൽകണമെന്നുള്ളത് ഏറ്റവും ന്യായമായ കാര്യമാണ്. താറാവ് കർഷകരുടെ ബാങ്ക് വായ്പയുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുത്ത് എഴുതിത്തള്ളണം. രണ്ടാംഘട്ട പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി പക്ഷിപ്പനി ബാധിച്ച പ്രദേശങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള വളർത്തുപക്ഷികളെയും കൊന്നൊടുക്കുകയാണ്. ഇവയിൽനിന്നും ലഭിക്കുന്ന മുട്ടയും മാംസവും വിറ്റ് ഉപജീവനം നടത്തിയിരുന്നവർക്ക് ഉപജീവനമാർഗ്ഗം നഷ്ടപ്പെടുകയാണ്. ഇവർക്ക് ഉപജീവനമാർഗ്ഗം കണ്ടെത്താൻ സർക്കാർ സഹായിക്കണം. സർക്കാർ ഫാമുകളിൽനിന്നും ഇവർക്ക് സൗജന്യമായി താറാവിനെയും കോഴിക്കുഞ്ഞുങ്ങളെയും വിതരണം ചെയ്യണം. പക്ഷിപ്പനിയെ ജനകീയമായി നേരിടാൻ ഈ ഗവൺമെന്റ് തയ്യാറായില്ല. പഞ്ചായത്തുകളെയും ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും സംയോജിപ്പിച്ച് അസംബ്ലി മണ്ഡലാടിസ്ഥാനത്തിൽ സംവിധാനം വേണമെന്ന് ആദ്യകാലം മുതൽ ഞാൻ പറഞ്ഞിരുന്നു. അതുണ്ടാക്കാൻ ഗവൺമെന്റ് തയ്യാറായില്ല. കുട്ടനാടൻ കാർഷിക മേഖല പതിനൊന്ന് നിയമസഭാ മണ്ഡലങ്ങൾ ചേർന്നതാണ്. എൽ.ഡി.എഫും., യു.ഡി.എഫും. അതിലുണ്ട്. പക്ഷിപ്പനി ബാധിച്ച നിയമസഭാ മണ്ഡലങ്ങളിലെ എം.എൽ.എ. മാരെയും ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളെയും കൃഷിയും

മൃഗസംരക്ഷണവും വകുപ്പിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി മണ്ഡലാടിസ്ഥാനത്തിൽ കമ്മിറ്റി രൂപീകരിച്ച് ആ കമ്മിറ്റികളുടെ നേതൃത്വത്തിൽ പ്രതിരോധ പ്രവർത്തനം ജനകീയമാക്കാൻ നടപടിയെടുക്കണം. അതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകാൻ തീരുമാനമെടുക്കണം. ഈ കാര്യത്തിലുണ്ടായിട്ടുള്ള വീഴ്ചകളെപ്പറ്റി ഗൗരവമായി അന്വേഷണം നടത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് ഞാൻ ശക്തമായി ആവശ്യപ്പെടുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ബഹുമാനപ്പെട്ട എം.എൽ. എ. സൂചിപ്പിച്ച കാര്യങ്ങളൊക്കെ വളരെ വസ്തുനിഷ്ഠമായിത്തന്നെ പറഞ്ഞിട്ടുണ്ട്. പക്ഷേ നടപടി എടുക്കുന്നതിൽ ഒരു വീഴ്ചയും ഉണ്ടായിട്ടില്ല. 2014-15 വർഷം നെൽക്കൃഷി നടപ്പിലാക്കുന്നതിനാവശ്യമായ വിത്ത്, വളം, മറ്റ് ധനസഹായങ്ങൾ എന്നിവ കുട്ടനാട് പ്രദേശത്തെ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നിവിടങ്ങളിലെ നെൽകർഷകർക്ക് സമയബന്ധിതമായി തന്നെ നടപ്പിലാക്കിവരുന്നുണ്ട്. വിവിധ പദ്ധതികളിലായി ഉൽപ്പാദനോപാധികളുടെ ചെലവിനായി ആകെ 2,751 ലക്ഷം രൂപ സബ്സിഡി ഇനത്തിൽ കർഷകർക്ക് നൽകിയിട്ടുണ്ട്. ഇതിനുപുറമെ നെൽക്കൃഷിക്കുള്ള ഉൽപ്പാദന ബോണസ് ഹെക്ടറിന് ആയിരം രൂപ നിരക്കിൽ നെൽക്കൃഷിക്ക് സൗജന്യ വൈദ്യുതി പദ്ധതിയും

നടപ്പിലാക്കിവരുന്നു. കുട്ടനാട് പാക്കേജിൽ ലഭ്യമായതും കെയ്കോ (Kerala Agro Industries Corporation) യുടെ നിയന്ത്രണത്തിലുമായ 154 കൊയ്ത്ത് മെതിയന്ത്രവും കൃഷി വകുപ്പിന്റെ 16 യന്ത്രവും കർഷകർക്ക് നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് 2005 മുതൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയാണ് നെല്ല് സംഭരണം നടപ്പിലാക്കി വരുന്നത്. ആലപ്പുഴ ജില്ലയിലെ കരിനിലത്തിന്റെ പരിധിയിൽ വരുന്ന പുറക്കാട്, കരുവാറ്റ, തകഴി, അമ്പലപ്പുഴ എന്നീ പ്രദേശങ്ങളിലെ മണ്ണിന്റെ പ്രത്യേകതകളായ വളരെ കൂടിയ അമ്ലത്വം, ഉപ്പിന്റെ സാന്നിദ്ധ്യം, ചെടികളുടെ വളർച്ചക്ക് ദോഷകരമായ ടോക്സിൻ, നീർവാഴ്ച്ചയില്ലായ്മ എന്നിവമൂലം ഗുണനിലവാരമുള്ളതും സംഭരണ യോഗ്യവുമായ നെല്ല് വളരെ കുറവാണ്. ഈ നെല്ലിൽ കറുത്ത നെൽമണികൾ, പതിര്, പാതിനിറഞ്ഞ നെല്ല് എന്നിവയുടെ അളവ് മൂന്ന് ശതമാനം വരെ കൂടുതലാണ്. കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിരിക്കുന്ന ഈർപ്പം പരമാവധി പതിനേഴ് ശതമാനമാണ്. ഇതിനുമുകളിൽ ഈർപ്പമുള്ള നെല്ല് ശേഖരിക്കുവാൻ സാദ്ധ്യമല്ല. ആലപ്പുഴ ജില്ലയിലെ സംഭരണ യോഗ്യമായ നെല്ല് പൂർണ്ണമായും കാലതാമസം കൂടാതെ സംഭരിക്കാൻ സപ്ലൈകോ-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സീസണിൽ നാളിതുവരെ 36495.265 മെട്രിക് ടൺ നെല്ല് സംഭരിച്ചെന്നും കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി

പരിഹരിച്ചുകൊണ്ടാണ് നെല്ല് സംഭരണം നടത്തുന്നതെന്നും സപ്ലൈകോ അറിയിച്ചിട്ടുണ്ട്. കുട്ടനാടൻ മേഖലയിൽ താറാവുകളുടെ വ്യാപകമായ മരണം റിപ്പോർട്ട് ചെയ്തത് 2014 നവംബർ 20-ാം തീയതി മുതലാണ്. മൃഗസംരക്ഷണ വകുപ്പ് യഥാസമയം തന്നെ ക്ലിനിക്കൽ സാമ്പിളുകൾ ശേഖരിക്കുവാനും ആയത് ലബോറട്ടറികളിൽ പരിശോധിച്ച് രോഗ സ്ഥിരീകരണം നടത്തുവാനും നടപടികൾ സ്വീകരിച്ചു. പാലോട് Chief Disease Investigation Office, തിരുവല്ല പക്ഷി രോഗ നിയന്ത്രണ ലാബ് എന്നിവടങ്ങളിൽ നടത്തിയ പ്രാഥമിക പരിശോധനയിൽ രോഗം പക്ഷിപ്പനിയാണെന്ന സംശയത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിരീകരണത്തിനായി ക്ലിനിക്കൽ സാമ്പിളുകൾ പ്രത്യേക ദൂതൻ മുഖേന 21.11.2014-ന് ബാംഗ്ലൂർ, Southern Disease Diagnostic Laboratory-ലേയ്ക്കും 22.11.2014-ന് ഭോപ്പാലിൽ പ്രവർത്തിക്കുന്ന National Institute of High Security Laboratory-ലേയ്ക്കും വിമാനമാർഗ്ഗം അയച്ചിരുന്നു. ഭോപ്പാൽ National Institute of High Security Laboratory-ൽ നിന്നും പക്ഷികളുടെ രോഗം അതീവ മാരകമായ H5 Avian (Flu) ആണെന്ന് സ്ഥിരീകരിച്ച് 24.11.2014-ന് ലഭിച്ചു. കേന്ദ്ര സർക്കാർ, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ പക്ഷിപ്പനി രോഗ ബാധിത പ്രദേശങ്ങളെ നോട്ടിഫൈ ചെയ്തു. ഭാരത സർക്കാർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള മാർഗ്ഗ

നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് രോഗം കണ്ടെത്തിയ സ്ഥലങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള വളർത്തു പക്ഷികൾ, മുട്ട, തീറ്റ എന്നിവ നശിക്കപ്പെട്ടത്. രോഗ നിയന്ത്രണത്തിന്റെ ഭാഗമായി ഈ പ്രദേശങ്ങളിലല്ലാതെ മറ്റൊരിടത്തും സംശയത്തിന്റെ പേരിൽ പക്ഷികളെ കൊന്നിട്ടില്ല. കേന്ദ്രസർക്കാരിന്റെ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് മാത്രമെ നടപടികൾ സ്വീകരിച്ചിട്ടുള്ളൂ. വളർത്തുപക്ഷികൾ, മുട്ട, തീറ്റ എന്നിവ നഷ്ടപ്പെട്ട ഉടമസ്ഥരായ കർഷകർക്ക് യഥാസമയം തന്നെ സർക്കാർ നിശ്ചയിച്ച നിരക്കിൽ നഷ്ടപരിഹാരം - രണ്ട് മാസത്തിനുമുകളിൽ പ്രായമുള്ളവയ്ക്ക് ഇരുന്നൂറ് രൂപ വീതവും രണ്ട് മാസത്തിന് താഴെയുള്ളവയ്ക്ക് 100 രൂപ വീതവും മുട്ടക്കുഞ്ഞുങ്ങൾക്ക് അഞ്ച് രൂപവീതവും നൽകിയിട്ടുണ്ട്. ആയതിന് ഇതിനോടകം 3,79,50,823 (മൂന്ന് കോടി എഴുപത്തിയൊൻപത് ലക്ഷത്തി അമ്പതിനായിരത്തി എണ്ണൂറ്റി ഇരുപത്തിമൂന്ന്) രൂപ നൽകിക്കഴിഞ്ഞു. പ്രശ്നബാധിത പ്രദേശങ്ങളിൽ താറാവ് കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനും വേണ്ടി സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 12.12.2014-ന് രാവിലെ പതിനൊന്ന് മണിക്ക് അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ താറാവ് കർഷക പ്രതിനിധികളുടെയും മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരുടെയും ബാങ്ക്

പ്രതിനിധികളുടെയും ഒരു യോഗം നടത്തിയിട്ടുണ്ട്. ജനകീയമായി, ശാസ്ത്രീയമായ താറാവ് കൃഷിക്ക് ഒരു കർമ്മ പദ്ധതി തയ്യാറാക്കുന്നതിനുള്ള വിശദമായ ഒരു യോഗം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇന്ന് വൈകുന്നേരം നാലുമണിക്ക് നിയസഭാ സമുച്ചയത്തിലെ 610-ാം നമ്പർ മുറിയിൽ ചേരുന്നുണ്ട്. താറാവ് കർഷകരുടെ ആശങ്കകൾ അകറ്റി അവരെ വീണ്ടും ഈ മേഖലയിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിന് കർഷക പ്രതിനിധികൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന സമിതിയുടെ നേതൃത്വത്തിൽ അഭിപ്രായ സമന്വയത്തിലൂടെ തയ്യാറാക്കുന്ന കർമ്മ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

## കൂലി വർദ്ധിപ്പിക്കൽ

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേരളത്തിലെ ഏറ്റവും കുറഞ്ഞ കൂലി ലഭിക്കുന്ന ഒരു വിഭാഗമാണ് ഓട്ടുകമ്പനി തൊഴിലാളികൾ. 5 വർഷത്തിലൊരിക്കലാണ് അവരുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നത്. ഓട്ടുകമ്പനി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ചിട്ട് ഇപ്പോൾ 5 വർഷം കഴിഞ്ഞു. വിലക്കയറ്റവും ജീവിതഭാരവും വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഓട്ടുകമ്പനി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഓട് വ്യവസായത്തൊഴിലാളികളുടെ കാര്യം വളരെ പ്രയാസംതന്നെയാണ്. ഇതുസംബന്ധിച്ച് 04.10.2011-ൽ, മിനിമം വേജസ് ആക്ടിന്റെ പ്രൊവിഷൻ വച്ചുകൊണ്ട് ഒരു പ്രിലിമിനറി നോട്ടിഫിക്കേഷൻ ഇറക്കുകയും തെളിവുകൾ എടുത്തതിനുശേഷം അത് മിനിമം വേജസ് അഡ്വൈസറി കമ്മിറ്റിക്ക് പോകുകയും ചെയ്തു. അഡ്വൈസറി കമ്മിറ്റിയുടെ റെക്കമെന്റേഷൻ അനുസരിച്ച് 06.02.2014-ൽ മിനിമം വേജ് നിജപ്പെടുത്തിക്കൊണ്ടുള്ള നോട്ടിഫിക്കേഷൻ ഇറക്കിക്കഴിഞ്ഞു. അത് പ്രാബല്യത്തിൽ വന്നുകഴിഞ്ഞു. അതാണ് ഇപ്പോഴത്തെ സ്ഥിതി.

കർഷകർ വച്ചു പിടിപ്പിച്ച മരങ്ങൾ മുറിച്ചു നീക്കൽ

ശ്രീ. റ്റി. യു. കുരുവിള: സർ, കോതമംഗലത്ത് കുട്ടമ്പുഴ പഞ്ചായത്തിൽ, പട്ടയ ഭൂമി കൊടുത്തിരിക്കുന്ന വടാട്ടുപാറ, ഇടമലയാർ എന്നീ സ്ഥലങ്ങളിലെ കർഷകർ നട്ടുവളർത്തുന്ന മരങ്ങൾ വെട്ടിമാറ്റുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് തടസ്സം നില്ക്കുകയാണ്. പട്ടയം കൊടുത്തപ്പോൾ 'പ്രത്യേകം പറഞ്ഞിട്ടുള്ള മരങ്ങൾ' ഒഴിച്ച് ബാക്കി മരങ്ങൾ വെട്ടിമാറ്റുന്നതിന് അവർക്ക് സ്വാതന്ത്ര്യം ഉണ്ടായിരുന്നു. എന്നാലിപ്പോൾ അവർ സ്വന്തമായി നട്ടുവളർത്തുന്ന പ്ലാവ്, മാവ് മുതലായ മരങ്ങളും

പ്രകൃതിക്ഷോഭത്തിൽ കടപുഴകി വീടുകൾക്കുമേൽ വീണ് തടഞ്ഞിരിക്കുന്ന മരങ്ങളും വെട്ടിമാറ്റുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്ന് അനുവാദം കിട്ടുന്നില്ല. പട്ടയത്തിൽ 'പ്രത്യേകം പറഞ്ഞിട്ടുള്ള മരങ്ങൾ' എന്നാണ് പറഞ്ഞിരിക്കുന്നത്. പക്ഷെ ഡിപ്പാർട്ടുമെന്റ് എല്ലാ മരങ്ങളെയും അതിൽ ഉൾപ്പെടുത്തുന്നു. ആ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഞാൻ ഉന്നയിക്കുന്നത്. കർഷകരെ ബുദ്ധിമുട്ടിക്കാതെ, അവർ നട്ടുവളർത്തുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അവർക്ക് അനുവാദം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> സർ, പട്ടയം നല്കിയ ഭൂമിയിൽ പട്ടയ ഉടമ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുവാൻ ചട്ടത്തിൽ തടസ്സം കാണുന്നില്ല. എന്നാൽ പട്ടയം നല്കുമ്പോൾ ടി ഭൂമിയിൽ നിലവിലുള്ള ചട്ടപ്രകാരം റിസർവ് ചെയ്തിട്ടുള്ള മരം മുറിച്ചു മാറ്റുന്നതിനുള്ള അനുമതി നല്കുന്ന വിധത്തിൽ ചട്ടം ഭേദഗതി വരുത്തുവാൻ തീരുമാനിക്കുകയും ആയതുപ്രകാരം പട്ടയഭൂമിയിലെ ചന്ദന മരമൊഴികെ തേക്ക്, ഈട്ടി, എബണി എന്നിവ വനംവകുപ്പിന്റെ അനുമതിയോടെ മുറിച്ചു മാറ്റുന്നതിനുള്ള അനുവാദം നല്കുന്ന വിധത്തിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1970-ലെ ആരബിൾ ഫോറസ്റ്റ് ലാൻഡ് ചട്ടങ്ങൾ എന്നിവയിൽ ഭേദഗതി

വരുത്തുന്നതുമായി ബന്ധപ്പെട്ട് ഫയലുകൾ വനം വകുപ്പിന്റെ പരിഗണനയിലുമാണ്. ഇക്കാര്യം ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുമായി ഞാൻ ചർച്ച ചെയ്യുകയുണ്ടായി. പട്ടയ ഭൂമിയിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത മരങ്ങൾ, പ്രത്യേകിച്ച് കർഷകർ വച്ചുപിടിപ്പിച്ചിട്ടുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് യാതൊരു തടസ്സവും ഇല്ലായെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. ഇക്കാര്യത്തിൽ ഡിപ്പാർട്ടുമെന്റിന് ആവശ്യമായ നിർദ്ദേശം നല്കിയിട്ടുണ്ടെന്നും, നല്കിയിട്ടില്ലായെങ്കിൽ അത് ഉടനെ നല്കിക്കൊള്ളാം എന്നും പറഞ്ഞിട്ടുണ്ട്. പല മേഖലകളിലും വനംവകുപ്പിന്റെ ചില തടസ്സവാദങ്ങൾമൂലം കർഷകർ വച്ചുപിടിപ്പിച്ച മരങ്ങൾ മുറിച്ചുമാറ്റുവാനുള്ള അനുമതി ലഭ്യമാകാതിരിക്കുന്നുണ്ട്. കേരളത്തിന്റെ വിവിധ മേഖലകളിൽ കർഷകർ അനുഭവിക്കുന്ന ഒരു വലിയ ദുരിതമായി ഇത് മാറിയിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് അടിയന്തരമായി തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

## സീൽ ഒഴിവാക്കി നല്കാൻ നടപടി

ശ്രീ. എം. പി. വിൻസെന്റ്: സർ, സംസ്ഥാനത്ത് അൻപതും അറുപതും വർഷങ്ങളായിട്ടും കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്തവരുണ്ട്. തൃശ്ശൂർ ജില്ലയിൽ പട്ടയങ്ങളിൽ "സുപ്രീകോടതിക്ക് വിധേയം "എന്ന സീൽ വച്ചുകൊണ്ട് നിരവധി പട്ടയം കൊടുത്തിട്ടുണ്ട്. അങ്ങനെ പട്ടയം ലഭിച്ച ഭൂമിയുടെ ഡോക്യുമെന്റ്

ഏതെങ്കിലും രീതിയിൽ വായ്പ എടുക്കാനോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കാൻ അനുവദിക്കുന്നതല്ല. അത്തരമൊരു സാഹചര്യത്തിൽ ആ പട്ടയങ്ങളിൽ വച്ചിട്ടുള്ള "സുപ്രീം കോടതിക്ക് വിധേയം" എന്ന സീൽ മാറ്റിക്കൊണ്ട് ജി.ഒ.നം. (ഇ)456/2010/ആർ.ഡി. എന്ന ഉത്തരവ് നിലവിൽ വരികയും അതുപ്രകാരം കേരളത്തിൽ ഇടുക്കി ഉൾപ്പെടെ പല ജില്ലകളിലും പട്ടയത്തിൽ വച്ചിട്ടുള്ള സീൽ നീക്കം ചെയ്ത് കൊടുത്തിട്ടുമുണ്ട്. എന്നാൽ അത്തരം ഒരു ഉത്തരവ് നിലവിലുള്ളപ്പോൾത്തന്നെ തൃശ്ശൂർ ജില്ലയിൽ പ്രസ്തുത സീൽ നീക്കം ചെയ്ത് കൊടുക്കാത്ത ഒരവസ്ഥ നിലനില്ക്കുകയാണ്. 1999-ലെ ആക്ട് അനുസരിച്ചാണ് പട്ടയം കൊടുക്കാൻ തീരുമാനം ഉണ്ടായിട്ടുള്ളത്. വനം പട്ടയം വരുമ്പോൾ പ്രത്യേകിച്ചും ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ് അതിന്റെ ലിസ്റ്റ് കേന്ദ്രസർക്കാരിന് സമർപ്പിച്ച് അനുവാദം കിട്ടുന്ന മുറയ്ക്കാണ് ആ ലിസ്റ്റിലുള്ളവർക്ക് പട്ടയം കൊടുത്തിട്ടുള്ളത്. അങ്ങനെ പട്ടയം കൊടുക്കുന്നതിനെതിരെ നാഷണൽ ലേബേഴ്സ് മൂവ്മെന്റ് എന്നുപറയുന്ന സ്വതന്ത്ര സംഘടന ഒരു കേസ് കൊടുക്കുകയും ആ കേസിന്റെ ഭാഗമായി സീൽ വച്ച പട്ടയം നീക്കം ചെയ്യാൻ പാടില്ലായെന്ന വ്യവസ്ഥ ഉണ്ടാകുകയും ചെയ്തു. അതിനുശേഷം, സുപ്രീംകോടതിയിൽ പോയി ഈ സീൽ വച്ച പട്ടയം നീക്കം ചെയ്യാനാണ് ഈ ഗവൺമെന്റ് ഉത്തരവിട്ടത്. 2010 സെപ്റ്റംബർ

18-ലെ ഈ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ പട്ടയം കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. ഇത്തരം ഒരു ഓർഡർ ഉണ്ടായിട്ടുപോലും തൃശ്ശൂർ ജില്ലയിൽ നാലായിരത്തോളം വരുന്ന ആളുകൾക്ക് പട്ടയം കൊടുക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥന്മാർ അനാവശ്യമായ തടസ്സങ്ങൾ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. ഇക്കാര്യത്തിൽ തൃശ്ശൂർ ജില്ലയിലെ ഉദ്യോഗസ്ഥന്മാർക്ക് ആവശ്യമായ നിർദ്ദേശം നല്കി സാധാരണക്കാർക്ക് പട്ടയം കൊടുക്കാനുള്ള സമീപനം ഉണ്ടാക്കണമെന്ന് താഴ്മയോടെ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> സർ, 1993-ലെ കേരള ഭൂമി പതിവ് (01.01.97-ന് മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ പ്രത്യേക നിയമം) നിയമത്തിന്റെ തുടർച്ചയായി, വനഭൂമി പതിവ് നിയമവുമായി ബന്ധപ്പെട്ട് 18.11.2010-ലെ ജി.ഒ.456/2010/ആർ.ഡി. നമ്പർ ഗവൺമെന്റ് ഉത്തരവുപ്രകാരം റൂൾ 3-ന് വിധേയമായ ആവശ്യങ്ങൾക്കായി പട്ടയം ലഭിച്ച വനഭൂമി കൈമാറ്റം ചെയ്യാവുന്നതാണ്. വനഭൂമി കയ്യേറ്റക്കാർക്ക് ഭൂമി പതിച്ചു നല്കുന്നതിനെതിരെ പരിസ്ഥിതി പ്രവർത്തകർ സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജിയിന്മേലുള്ള (സിവിൽ അപ്പീൽ നമ്പർ 2116/2000 കേസിനോടനുബന്ധിച്ചുള്ള) 20.03.2009-ലെ വിധിയുടെ അടിസ്ഥാനത്തിൽ ഈ കാലയളവിൽ അനുവദിച്ച പട്ടയങ്ങളിൽ

"സുപ്രീംകോടതിക്ക് വിധേയം" എന്ന മുദ്ര പതിപ്പിച്ചിരുന്നു. നിരവധിപേർ പ്രസ്തുത നിബന്ധനാ സീൽ റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും 01.08.2011-ലെ 27135/പി2/2011 നം. ഗവൺമെന്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും 1993-ലെ ഭൂമി പതിവ് നിയമം പ്രത്യേക ചട്ടങ്ങൾ പ്രകാരം അനുവദിച്ചിട്ടുള്ള പട്ടയങ്ങളിലെ നിബന്ധനാ സീൽ റദ്ദ് ചെയ്യുന്നതിന് നിർദ്ദേശം നല്കിയിട്ടുള്ളതും ആയതുപ്രകാരം പ്രസ്തുത രീതിയിലുള്ള അപേക്ഷകൾ പരിശോധിച്ച് സ്പെഷ്യൽ തഹസീൽദാർ നടപടി സ്വീകരിച്ചു വരുന്നതുമാണ്. ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ വീഴ്ചകൾ ഉണ്ടാകുന്നുണ്ട് എന്നതാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രത്യേകമായി എടുത്തുപറഞ്ഞത്. തീർച്ചയായും അത്തരം കാര്യങ്ങളിൽ ഒരു പരിശോധന നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രത്യേകിച്ച്, കർഷകരെ സംബന്ധിച്ചിടത്തോളം ഇതൊരു പ്രധാനപ്പെട്ട വിഷയമായിത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്. ഇക്കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നല്കുന്നതാണ്.

<u>പ്രൊഫസർ എൻ. കൃഷ്ണപിള്ളയ്ക്ക് സ്മാരകം നിർമ്മിക്കൽ</u>

<u>ശ്രീ. വർക്കല കഹാർ</u> : സർ, ലോകപ്രശസ്ത നാടകകൃത്തും സാഹിത്യകാരനുമായ ഇബ്സൻ-ന്റെ പേരിൽ, 'കേരള ഇബ്സൻ' എന്ന് അറിയപ്പെടുന്ന മലയാള സാഹിത്യത്തിലെ അതുല്യ പ്രതിഭയായിരുന്നു പ്രൊഫ. എൻ. കൃഷ്ണപിള്ള. അദ്ദേഹത്തിന്റെ ജന്മശതാബ്ദി വർഷമാണ് 2015. എഴുത്തുകാരനായും സാഹിത്യ ഗവേഷകനായും പ്രഭാഷകനായും അദ്ധ്യാപകനായും പ്രൊഫ. എൻ. കൃഷ്ണപിള്ള മലയാള സാഹിത്യത്തിനു നൽകിയ സംഭാവന വളരെ വലുതാണ്. വർക്കലയിലെ ചെമ്മരുതിയിൽ ജനിച്ച് ശിവഗിരി ശ്രീനാരായണ സ്കൂളിൽ ഔദ്യോഗിക ജീവിതം ആരംഭിച്ച പ്രൊഫ. എൻ. കൃഷ്ണപിള്ളയുടെ ജന്മശതാബ്ദി ആഘോഷങ്ങൾ സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ വർക്കലയിൽവച്ച് സമുചിതമായി സംഘടിപ്പിക്കണമെന്നും അദ്ദേഹത്തിന് ഉചിതമായൊരു സ്മാരകം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നുള്ള ആവശ്യങ്ങളാണ് ഞാൻ ഉന്നയിക്കുന്നത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. സി. ജോസഫ്)</u>: സർ, ബഹുമാനപ്പെട്ട ശ്രീ. വർക്കല കഹാർ പറഞ്ഞതുപോലെ, പ്രൊഫ. എൻ. കൃഷ്ണപിള്ളയെ മലയാളത്തിന് ഒരിക്കലും മറക്കാൻ കഴിയില്ല. നാടകം, നിരൂപണം, സ്മരണകൾ എന്നീ സാഹിത്യവിഭാഗങ്ങളിൽ

അതുല്യമായ സംഭാവന നൽകിയ പ്രതിഭാധനനാണ് പ്രൊഫ. എൻ. കൃഷ്ണപിള്ള. സ്വീകരണമുറിയെ ജീവിത നാടകവേദിയാക്കി മാറ്റിയ നോർവീജിയൻ നാടകകൃത്തായ ഇബ്സന്റെ നാടകങ്ങൾ അനുസ്മരിച്ചുകൊണ്ടുള്ള പ്രൊഫ. എൻ. കൃഷ്ണപിള്ളയുടെ രചനകൾക്ക് കേന്ദ്ര, കേരള സാഹിത്യ അക്കാഡമി അവാർഡുകളും ഓടക്കുഴൽ അവാർഡ്, വയലാർ പുരസ്കാരം, കേരള ഗവൺമെന്റ് പുരസ്കാരം, അക്കാഡമി വിശിഷ്ട അംഗത്തിനുള്ള പുരസ്കാരം തുടങ്ങിയവയും ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ജന്മശതാബ്ദി വർഷമാണ് വരുന്നത്. അദ്ദേഹം ജനിച്ചത് വർക്കലയിലുള്ള ചെമ്മരുതിയിലാണ്. മെമ്പർ ആവശ്യപ്പെട്ടതുപോലെ കേരള സാഹിത്യ അക്കാഡമി മുൻകയ്യെടുത്തുകൊണ്ട് അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷങ്ങൾ നടത്താൻ നിർദ്ദേശം നൽകുന്നതാണ്. സ്മാരകം നിർമ്മിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമാകേണ്ടതുണ്ട്. മെമ്പർകൂടി സഹകരിക്കുകയാണെങ്കിൽ ഗവൺമെന്റ് അത് ഗൗരവമായി ആലോചിക്കുന്നതാണ്.

<u>ശ്രീ. കെ. ജയചന്ദ്രനെ നാട്ടിൽ എത്തിക്കുന്നതിനുള്ള നടപടി</u>

<u>ശ്രീമതി കെ. കെ. ലതിക</u> : സർ, എന്റെ നാട്ടുകാരനും എഴുത്തുകാരനുമായ ശ്രീ. കെ. ജയചന്ദ്രൻ മൊകേരി കഴിഞ്ഞ ഒമ്പത് മാസമായി മാലിദ്വീപിൽ തടങ്കലിൽ കഴിയുകയാണെന്ന കാര്യം അങ്ങേയ്ക്ക് അറിയാമല്ലോ. ശ്രീ. കെ. ജയചന്ദ്രൻ

നിരപരാധിയാണെന്ന് കുട്ടികളുടെ രക്ഷിതാക്കൾതന്നെ അധികൃതരെ രേഖാമൂലം അറിയിച്ചിട്ടും അദ്ദേഹത്തെ മോചിപ്പിക്കാൻ മാലി സർക്കാർ തയ്യാറായിട്ടില്ല. നിരപരാധിയായ ഒരു മലയാളി ഇത്രയും കാലം വിദേശത്തുള്ള ജയിലിൽ കഴിയുന്നുവെന്നത് നമ്മുടെ മന:സാക്ഷിക്ക് കളങ്കം ചർത്തുന്ന ഒന്നാണ്. പ്രായമായ അമ്മയും ഭാര്യയും രണ്ട് കുഞ്ഞുങ്ങളുമടങ്ങുന്ന കുടുംബമാണ് ശ്രീ. ജയചന്ദ്രന്റേത്. ഇവരുടെ നിസ്സഹായത കേരളത്തിന്റെ മൊത്തം നിസ്സഹായതയാണ്. കേരളത്തിന്റെ പ്രബുദ്ധമായ പാരമ്പര്യത്തിന്റെ പ്രതിനിധിയാണ് ജയചന്ദ്രൻ. നമ്മുടെ അയൽ രാജ്യത്തെ കുഞ്ഞുങ്ങൾക്ക് അറിവിന്റെ അക്ഷരവെളിച്ചം പകർന്നുനൽകിയ അദ്ധ്യാപകൻ കൂടിയായ ജയചന്ദ്രൻ ഏകാന്തമായ കാരാഗൃഹത്തിന്റെ ഇരുട്ടറയിൽ കഴിയുന്നതും നാം നമ്മുടെ നിസ്സംഗതയുടെ സുഷുപ്തിക്കുള്ളിൽ കഴിയുന്നതും വരുംകാലം പൊറുക്കില്ല. നമ്മുടെ നാടാണ് മാലിക്ക് ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ സഹായം നൽകുന്നത്. ഇത്തരമൊരവസ്ഥയിൽ ജയചന്ദ്രനെ മോചിപ്പിക്കാൻ ആവശ്യമായ ഇടപെടൽ അടിയന്തരമായി നടത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി

(ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാന്യയായ ശ്രീമതി കെ. കെ. ലതിക എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ മാലിദ്വീപിൽ അദ്ധ്യാപകനായി ജോലിനോക്കിയിരുന്ന ശ്രീ. കെ. ജയചന്ദ്രൻ ക്ലാസ്റൂമിലുണ്ടായ പ്രശ്നത്തിന്റെ പേരിൽ 05.04.2014 മുതൽ ജയിൽവാസം അനുഭവിക്കുകയാണ്. അദ്ദേഹത്തെ മോചിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി ജ്യോതി ജയചന്ദ്രൻ, ശ്രീ. എം. കെ. രാഘവൻ എം.പി. മുഖേന ഒരു നിവേദനം നൽകിയിരുന്നു. അതുപോലെ, ശ്രീമതി കെ. കെ. ലതിക, ശ്രീ. ഇ. കെ. വിജയൻ, ശ്രീ. സി. കെ. നാണു, ശ്രീ. വി. റ്റി. ബൽറാം എന്നീ എം.എൽ.എ-മാരും ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റ് ഇടപെട്ടിട്ടുണ്ട്. മാലിയിലെ ഇന്ത്യൻ ഹൈകമ്മീഷനുമായി ബന്ധപ്പെടുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. തീർച്ചയായും ഈ സംഭവത്തിന്റെ ഗൗരവം ഗവൺമെന്റ് ഉൾക്കൊള്ളുന്നുണ്ട്. അതുപോലെ പാർലമെന്റ് അംഗങ്ങൾ ഇക്കാര്യം കേന്ദ്രഗവൺമെന്റിനെയും അറിയിച്ചിട്ടുണ്ട്. ഇത് വളരെ ഗൗരവമായ ഒരു വിഷയമാണ്. ഹൈ കമ്മീഷന്റെ കത്തിൽ പറയുന്നത് "..........This Mission is taking up the issue of his release strongly with the concerned authorities. Further while, our back channel with concerned authorities might result in

positive outcome. It is heard that, the more media coverage would be detrimental to the release of Sri. Jayachandran......" എന്നാണ്. ഇത് മാലിയിലെ നിയമപ്രശ്നമാണ്. അധികമായി വാർത്തകളിൽ ഇത് സ്ഥാനം പിടിക്കുന്നത് ആ റിലീസിന് തടസ്സമുണ്ടാക്കുന്നുവെന്നാണ് ഹൈക്കമാന്റ് അറിയിച്ചിട്ടുള്ളത്. അതുകൊണ്ട് ദയവായി മാധ്യമ വാർത്തയെക്കാൾ അദ്ദേഹത്തിന്റെ റിലീസിന് മുൻഗണന കൊടുക്കണമെന്ന് അപേക്ഷിക്കുകയാണ്. എല്ലാ അർത്ഥത്തിലും മെമ്പർ പറഞ്ഞകാര്യം ഗൗരവമായെടുത്ത് നടപടികൾ കൈക്കൊള്ളുന്നതാണ്.

മി. ചെയർമാൻ: ഈ വിഷയത്തിൽ ശ്രീ. വി. റ്റി. ബൽറാം എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്.

ഷൺമുഖം കനാൽ നവീകരണവും പാലം നിർമ്മാണവും

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഇലിഞ്ഞാലക്കുട നിയോജക മണ്ഡലത്തിലെ പടിയൂർ, പൂമംഗലം എന്നീ പഞ്ചായത്തുകളിലൂടെയും ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലൂടെയും കടന്നുപോകുന്നതാണ് ഷൺമുഖം കനാൽ. കനോലി കനാലിന്റെ ഫീഡർ കനാലായിട്ടാണ് ഷൺമുഖം കനാൽ അറിയപ്പെടുന്നത്. ഇതിന്റെ ഒന്നാംഘട്ട നവീകരണം പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്. രണ്ടാംഘട്ട

നവീകരണത്തിനുവേണ്ടിയിട്ടുള്ള തുക അനുവദിച്ചുവെങ്കിലും അതിന്റെ പ്രവർത്തനങ്ങളും മറ്റ് അനന്തരനടപടികളും ചെയ്യാൻ സാധിച്ചിട്ടില്ല. ഷൺമുഖം കനാലിന്റെ കുറുകെയുള്ള പാലം നിർമ്മിച്ചിട്ട് അനേകവർഷമായതിനാൽ അത് ബലഹീനമാണ്. ആ പാലത്തിനുള്ള തുക അനുവദിക്കുകയും എ.എസ്.-ഉം ടി.എസ്-ഉം ലഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഈ രണ്ട് പദ്ധതികളുടേയും നിർമ്മാണം എത്രയും വേഗം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഷൺമുഖം കനാലിന് കുറുകെയുള്ള പാലം നിർമ്മാണത്തിനുവേണ്ടി 155 ലക്ഷം രൂപയുടെ സാങ്കേതികാനുമതി പുതുക്കിയ ഷെഡ്യൂൾ പ്രകാരം 18.08.2014-ൽ നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി. അധിക നിരക്കിന് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ പുരോഗമിക്കുന്നു. അത് പൂർത്തീകരിച്ചാൽ പ്രവൃത്തി ആരംഭിക്കുന്നതാണ്. ഷൺമുഖം കനാലിന്റെ രണ്ടാംഘട്ട നവീകരണ പ്രവൃത്തികൾക്കായി ഏഴ് കോടി രൂപയുടെ ഭരണാനുമതി 26.02.2014-ലെ സർക്കാർ ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്. ആയതിലേയ്ക്ക് ഏഴ് കോടി രൂപയുടെ പുതുക്കിയ ഷെഡ്യൂൾ പ്രകാരമുള്ള എസ്റ്റിമേറ്റ്

സാങ്കേതികാനുമതിക്കായി വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു. സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് മറ്റ് നടപടികൾ പൂർത്തിയാക്കുന്നതാണ്.

മീനാട് കുടിവെള്ള പദ്ധതിയുടെ നിർമ്മാണം

ശ്രീമതി പി. അയിഷാ പോറ്റി : സർ, ജപ്പാൻ സാമ്പത്തിക സഹായത്തോടെ നടത്തിക്കൊണ്ടിരിക്കുന്ന മീനാട് കുടിവെള്ള പദ്ധതി 2013-ൽ പൂർണ്ണമായി കമ്മീഷൻ ചെയ്യേണ്ടതായിരുന്നു. കൊട്ടാരക്കര മണ്ഡലത്തിലെ ഉമ്മന്നൂർ, വെളിയം എന്നീ രണ്ട് പഞ്ചായത്തുകളിൽക്കൂടി കടന്നുപോകുന്നതാണ് ഈ പദ്ധതി. വളരെ മന്ദഗതിയിൽ പണി നടക്കുന്ന ഈ പദ്ധതി ഇപ്പോൾ നിലച്ചിരിക്കുന്ന സ്ഥിതിയാണുള്ളത്. ഈ പഞ്ചായത്തുകളിലെ ആളുകൾ കുടിവെള്ളത്തിനായി അപേക്ഷയും കൊടുത്ത് ദീർഘകാലമായി കാത്തിരിക്കുകയാണ്. എല്ലാ ഡി.ഡി.സി-യും കൂടുമ്പോൾ ഞങ്ങൾ ഇക്കാര്യം പറയാറുള്ളതാണ്. ആർക്കും ഉത്തരവാദിത്വത്തോടെ ഒരു മറുപടി പറയാൻപോലും കഴിയാത്ത അവസ്ഥയിലാണ് ഇന്ന് ആ പദ്ധതി നിൽക്കുന്നത്. ഈ പദ്ധതി ഏറ്റെടുത്തിരിക്കുന്ന കോൺട്രാക്ടറെ ഒഴിവാക്കി വളരെവേഗത്തിൽ പണി പൂർത്തിയാക്കുന്ന ആരെയെങ്കിലും ഏൽപ്പിച്ചുകൊണ്ട് വളരെ നല്ല നിലയിൽ ഈ പദ്ധതി പൂർത്തിയാക്കി ജലവിതരണം നടത്താൻ അടിയന്തരമായിട്ടുള്ള ഇടപെടൽ വേണം. അതോടൊപ്പം, കുടിവെള്ള പദ്ധതിയുമായി

ബന്ധപ്പെട്ട് ഈ പഞ്ചായത്തുകളിൽ അനുവദിച്ച ചെറിയ ചെറിയ കുടിവെള്ള പദ്ധതികൾക്ക് പോലും സാമ്പത്തികപ്രയാസമാണെന്ന് പറഞ്ഞ് എഫ്.എസ്. കൊടുക്കാതിരിക്കുന്ന ഒരു വിഷയം കൂടി ഈ സബ്മിഷന്റെകൂടെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ജപ്പാൻകുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ടുള്ള മീനാട് പദ്ധതി എത്രയും വേഗം ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കുന്ന തരത്തിലേക്ക് എത്തിക്കാനുള്ള അടിയന്തര നടപടി ഉണ്ടാകണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, മീനാട് ശുദ്ധജല പദ്ധതിയുടെ പാക്കേജിൽ, മൂന്നിൽ ഉൾപ്പെടുത്തിയ, വിതരണ ശൃംഖല സ്ഥാപിക്കുന്നതും ഗാർഹിക കണക്ഷൻ നൽകുന്നതുമായ പ്രവൃത്തികളുമാണ് ഇനി പൂർത്തിയാക്കാനുള്ളത്. ഈ പ്രവൃത്തികൾ 2006-ൽ ഏറ്റെടുത്ത കരാറുകാരൻ ഏകദേശം 60 ശതമാനം പണികൾ പൂർത്തിയാക്കിയ ശേഷം ഉപേക്ഷിച്ചു പോയി. ബാക്കി പണികൾ റീ-ടെണ്ടർ ചെയ്ത് മറ്റൊരു കരാറുകാരന് നൽകുകയും ചെയ്തു. എന്നാൽ രണ്ടാമത്തെ കരാറുകാരൻ 2012 ജൂൺ മാസം പണി ആരംഭിച്ചുവെങ്കിലും കരാർ കാലാവധിയായ 2013 ഡിസംബറിനുശേഷവും ഇതുവരെ 22 ശതമാനം പണികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പണിയുടെ പുരോഗതി വളരെ

മന്ദഗതിയിലായതിനാൽ പണി ഊർജ്ജിതപ്പെടുത്തി പൂർത്തിയാക്കുവാൻ നിരവധി തവണ നോട്ടീസ് നൽകുകയും ചീഫ് എഞ്ചിനീയർ, മാനേജിംഗ് ഡയറക്ടർ, ഗവൺമെന്റ് എന്നീ തലങ്ങളിൽ നിരവധി മീറ്റിംഗുകൾ നടത്തി നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. കരാറുകാരന് ഇപ്പോൾ കേരള വാട്ടർ അതോറിറ്റി കാരണം കാണിക്കൽ നോട്ടീസ് നൽകിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇപ്പോഴത്തെ കരാർ റദ്ദ് ചെയ്ത് അവശേഷിക്കുന്ന പണികൾ റീടെണ്ടർ ചെയ്ത് പുതിയ കരാർ നൽകേണ്ടി വരും. അങ്ങനെയാണെങ്കിൽ പണികൾ പൂർത്തിയാക്കുന്നതിന് ഏറ്റവും കുറഞ്ഞത് ഒരു വർഷമെങ്കിലും വേണ്ടിവരുന്നതാണ്. ഈ പദ്ധതി ഒരു കാരണവശാലും ഉപേക്ഷിക്കുന്നതല്ല. കഴിയുന്നതും വേഗം ഈ പദ്ധതി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ഗംഗയാർ തോടിനെ മാലിന്യമുക്തമാക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീമതി ജമീലാ പ്രകാശം</u>: സർ, വിഴിഞ്ഞം തുറമുഖ മേഖലയിലെ മത്സ്യത്തൊഴിലാളികളും മറ്റു കൂലിപ്പണിക്കാരുമായ ജനങ്ങൾ ശുദ്ധജലം ലഭിക്കാൻ മറ്റുമാർഗ്ഗങ്ങൾ ഒന്നുംതന്നെ ഇല്ലാത്തതുകൊണ്ട് കുളിക്കാനും കുടിക്കാനും തുണി അലക്കാനും മറ്റും ആശ്രയിച്ചുവരുന്നത് ഗംഗയാർ തോടിനെയാണ്. ഇതിനോട് ചേർന്നുള്ള ഐസ് ഫാക്ടറികൾ, മത്സ്യസംസ്കരണ കേന്ദ്രങ്ങളിൽ നിന്നും പുറന്തള്ളുന്ന

അവശിഷ്ടങ്ങൾ സമീപത്തുള്ള ഓടകളിൽ നിന്നും ഒഴുകിയെത്തുന്ന വിസർജ്യങ്ങൾ എന്നിവ കാരണം വിഷലിപ്തമായ ഈ തോട് ഒരു മാലിന്യത്തോടായി മാറിയിരിക്കുകയാണ്. ത്വക്ക് രോഗങ്ങൾക്ക് കാരണമാകുന്ന രാസമാലിന്യങ്ങൾ ഈ തോട്ടിലെ ജലത്തിലുണ്ടെന്ന് ആരോഗ്യവകുപ്പിന്റെ റിപ്പോർട്ടിൽ പറയുന്നുണ്ട്. ഈ റിപ്പോർട്ട് വന്നതിനെത്തുടർന്ന് മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് 6 ലക്ഷം രൂപ അനുവദിച്ച് തോട് ശുചീകരണത്തിന് നടപടിയെടുത്തുവെന്ന് പറയുന്നുണ്ടെങ്കിലും അതിന്റെ ഫലം ഇനിയും കാണേണ്ടിയിരിക്കുന്നു. ജലത്തിന്റെ ക്വാളിറ്റിയിൽ ഒരു വ്യത്യാസവുമുണ്ടായിട്ടില്ല. ഗംഗയാർ തോടിനെ മാലിന്യമുക്തമാക്കണമെന്നും അതുവഴി കുടിവെള്ളത്തിനുവേണ്ടി ഈ തോടിനെ ആശ്രയിക്കുന്ന നിസ്സഹായരും നിർധനരും ആയ തീരദേശ നിവാസികളെ ജലജന്യരോഗങ്ങളിൽ നിന്നും സംരക്ഷിക്കണമെന്നും കഴിഞ്ഞ കുറെ മാസങ്ങളായി ജില്ലാ വികസന സമിതി യോഗങ്ങളിൽ ഞാൻ ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെട്ടുവരികയാണ്. പക്ഷെ ഇന്നുവരെ അധികൃതരുടെ ഭാഗത്തുനിന്നും നടപടികളൊന്നും ഉണ്ടായിക്കാണുന്നില്ല. ആയതിനാൽ ഈ ജലസ്രോതസ്സിനെ മാലിന്യമുക്തമാക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തരമായി ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ.ജോസഫ്): സർ, ഗംഗയാർ തോടിനെ മാലിന്യമുക്തമാക്കുന്നതിനായി 2013 schedule of rate പ്രകാരം 75 ലക്ഷം രൂപയും 35 ലക്ഷം രൂപയും വീതം രണ്ട് എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയുണ്ടായി. Schedule of rate 2014-ലേയ്ക്ക് പുതുക്കേണ്ടിയിരുന്നതിനാൽ ടി എസ്റ്റിമേറ്റുകൾ ഏകോപിപ്പിച്ച് 128 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ച് വരുന്നു. പ്രസ്തുത എസ്റ്റിമേറ്റിൽ ഐസ് ഫാക്ടറികളിൽ നിന്നും മത്സ്യസംസ്കരണ കേന്ദ്രങ്ങളിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ ഉൾക്കൊള്ളുവാൻ വേണ്ടി തോടിനകത്ത് ഉദ്ദേശം 300 മീറ്റർ നീളത്തിൽ കംപാർട്ടുമെന്റായി ഒരു ഡ്രയിൻ നിർമ്മാണം ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ഒരു പാലവും ഓടയിൽ നിന്നുള്ള മാലിന്യം ശേഖരിക്കുന്നതിന് കളക്ഷൻ വെൽ-ഉം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പണികൾ ചെയ്യുന്നതോടെ ഗംഗയാർ തോടിന്റെ മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുമെന്ന് കരുതുന്നു. പ്രസ്തുത തോട് 2012-ൽ ആറ് ലക്ഷം രൂപ ചെലവഴിച്ച് താൽക്കാലികമായി മാലിന്യംമാറ്റി വൃത്തിയാക്കിയിരുന്നു. തൻമൂലം വെള്ളപ്പൊക്കം ഒരു പരിധി വരെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ പ്രൊപ്പോസൽ പ്രാവർത്തികമാകുന്നതോടെ ഗംഗയാർ തോട് മാലിന്യമുക്തമാക്കാൻ ഒരു പരിധി വരെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

താനൂർ സി.എച്ച്.സി.-യിലെ ഡ്യൂട്ടി ഡോക്ടർമാരുടെ നിയമനം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ തിങ്ങിത്താമസിക്കുന്ന കേരളത്തിലെ ഏറ്റവും ജനസാന്ദ്രതകൂടിയ തീരപ്രദേശങ്ങളിലൊന്നാണ് താനൂർ. അവിടെയാണ് താനൂർ സി.എച്ച്.സി. പ്രവർത്തിക്കുന്നത്. പാവപ്പെട്ട സ്ത്രീകളും കുട്ടികളുമാണ് ഈ ആശുപത്രിയെ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത്. എല്ലാ സൗകര്യങ്ങളോടും കൂടിയ ലേബർ റൂമും ജനറേറ്ററും ഉൾപ്പെടെ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഇവിടെയുണ്ട്. പക്ഷെ ഒരു ഗൈനക്കോളജിസ്റ്റോ ഒരു പീഡിയാട്രീഷനോ ഇവിടെ ഇല്ല. പ്രസ്തുത തസ്തികകളും അവിടെയില്ല. ഇക്കാര്യം പല തവണ സഭയിൽ ഞാൻ ഉന്നയിച്ചതാണ്. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ഇക്കാര്യം പരിഹരിക്കുമെന്ന് ഉറപ്പുനൽകിയതുമാണ്. സി.എച്ച്.സി.-ആയതിനാൽ ഉച്ചയോടുകൂടി ഡോക്ടർമാർ പോകുന്നതിനാൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്ത അവസ്ഥയും നിലനിൽക്കുകയാണ്. ഒരു ഗൈനക്കോളജിസ്റ്റിനെ കിട്ടുകയാണെങ്കിൽ അവിടെ നിയമിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുനൽകിയതിന്റെ അടിസ്ഥാനത്തിൽ ഒരു ഗൈനക്കോളജിസ്റ്റിനെ കണ്ടെത്തി ബഹുമാനപ്പെട്ട മന്ത്രിയെ അക്കാര്യം അറിയിച്ചിട്ടുമുണ്ട്. ആയതിനാൽ താനൂർ സി.എച്ച്.സി.-യിൽ ഒരു

ഗൈനക്കോളജിസ്റ്റിനെയും ഒരു പീഡിയാട്രീഷനെയും നിയമിക്കുന്നതിനും അതോടൊപ്പം തന്നെ സി.എച്ച്.സി.-യിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, താനൂർ തീരദേശമേഖലയിലെ ഏക സർക്കാർ ആശുപത്രിയായ താനൂർ സി.എച്ച്.സി. 1999-ലാണ് സാമൂഹിക ആരോഗ്യകേന്ദ്രമായി ഉയർത്തപ്പെട്ടത്. ഈ സി.എച്ച്.സി.-യിൽ അഞ്ച് അസിസ്റ്റന്റ് സർജന്മാരുടെ തസ്തികകളാണ് നിലവിലുള്ളത്. ഈ അഞ്ച് തസ്തികകളിലും ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്. എൻ.ആർ.എച്ച്.എം. മുഖേന രണ്ട് ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ രാത്രികാലങ്ങളിൽ അത്യാവശ്യ ഘട്ടങ്ങളിൽ ഓൺ കോൾ ഡ്യൂട്ടി അടിസ്ഥാനത്തിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. മുൻപ് ഇവിടെ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ഒരു ഗൈനക്കോളജിസ്റ്റ് ഉണ്ടായിരുന്നതിനാൽ ലേബർ റൂമും ഗർഭിണികളുടെ വാർഡും പ്രവർത്തനസജ്ജ മായിരുന്നു. പ്രസ്തുത ഡോക്ടർ സ്ഥലം മാറി പോയതിനുശേഷം ലേബർ റൂമും ഗർഭിണികളുടെ വാർഡും നിലവിൽ ഉപയോഗിക്കുന്നില്ല. ഗൈനക്കോളജിസ്റ്റിന്റെയും

പീഡിയാട്രീഷന്റെയും ഉൾപ്പെടെ സ്പെഷ്യാലിറ്റി വിഭാഗം തസ്തികകൾ ഈ സി.എച്ച്.സി.-യിൽ അനുവദിച്ചിട്ടില്ല. എന്നിരുന്നാലും ലേബർ റൂമും ഗർഭിണികളുടെ വാർഡും നിലവിലുള്ളതിനാൽ ഒരു ജൂനിയർ കൺസൾട്ടന്റിനെ നിയമിക്കുന്ന കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മറ്റ് സ്പെഷ്യാലിറ്റി തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഗവൺമെന്റിന് ലഭ്യമാകുന്ന മുറയ്ക്ക് പീഡിയാട്രീഷനെ നിയമിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

താലൂക്ക് ആശുപത്രിയായി ഉയർത്തൽ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, കോഴിക്കോട്, മലപ്പുറം നഗരങ്ങളുടെ മധ്യത്തിൽ സ്ഥിതി ചെയ്യുന്നതും കോഴിക്കോട് വിമാനത്താവളത്തിനു തൊട്ടടുത്ത് സ്ഥിതിചെയ്യുന്നതുമായ പട്ടണമാണ് കൊണ്ടോട്ടി. ഇവിടെ വർഷങ്ങളായി ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഉണ്ട്. അഞ്ഞൂറിലധികം ഒ.പി.-യും ധാരാളം ഐ.പി.-യും ദിനംപ്രതി ഈ ആശുപത്രിയിലുണ്ട്. വിമാനത്താവളം, ഹജ്ജ് ഹൗസ് എന്നിവയുടെ റഫറൽ ആശുപത്രിയും കൂടിയാണിത്. ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ ഒരു താലൂക്ക് ആശുപത്രിയാക്കി ഉയർത്തണമെന്നത് വർഷങ്ങളായുള്ള ആവശ്യമാണ്. കൊണ്ടോട്ടി കേന്ദ്രമായി പുതിയ താലൂക്ക് പ്രഖ്യാപിച്ചിട്ട് ഒരുവർഷം കഴിഞ്ഞിട്ടും താലൂക്ക് ആശുപത്രി യാഥാർത്ഥ്യമായിട്ടില്ല. ഇതുസംബന്ധിച്ച് നിരവധി

തവണ നിവേദനം നൽകിയതാണ്. 17.06.02014-ലെ നിയമസഭാ സമ്മേളനത്തിൽ ഇത് സംബന്ധിച്ച് ഒരു സബ്മിഷൻ ഞാൻ അവതരിപ്പിച്ചിരുന്നു. സബ്മിഷനിൽ പറഞ്ഞകാര്യങ്ങൾ മുഴുവൻ അംഗീകരിച്ചപ്പോഴും, നിലവിൽ 29 കിടക്കകൾക്കുള്ള കെട്ടിട സൗകര്യമാണ് ഉള്ളതെന്നും താലൂക്ക് ആശുപത്രിക്കാവശ്യമായ 100 കിടക്കകൾ ഒരുക്കുന്നതിന് നിലവിലുള്ള സൗകര്യങ്ങൾ പര്യാപ്തമല്ല എന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി അന്ന് മറുപടി പറഞ്ഞത്. ഇത് വസ്തുതാപരമല്ലെന്ന് ചൂണ്ടിക്കാട്ടിയപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശപ്രകാരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പരിശോധിച്ച് ഒരു റിപ്പോർട്ട് നൽകാൻ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം ഡയാലിസിസ് സെന്ററിനുള്ള 10 ബെഡ്ഡുകൾ ഉൾപ്പെടെ 115 ബെഡ്ഡുകൾ ക്രമീകരിക്കാനുള്ള സ്ഥലം ഉണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യകേന്ദ്രത്തിലെ ഉദ്യോഗസ്ഥർ തെറ്റായ വിവരം നൽകിയത് കാരണമാണ് നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് തെറ്റായ മറുപടി നൽകേണ്ടി വന്നത്. അതേ സമയം താലൂക്ക് ആശുപത്രി യാഥാർത്ഥ്യമായിട്ടുമില്ല. അതുകൊണ്ട്, വളരെ പ്രധാനപ്പെട്ടതും താലൂക്ക് കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്നതും മതിയായ

സൗകര്യങ്ങളുള്ളതുമായ കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്നും ബഹുമാനപ്പെട്ട മന്ത്രിയെ തെറ്റിദ്ധരിപ്പിച്ച് താലൂക്ക് ആശുപത്രി വരുന്നത് താമസിപ്പിക്കുന്നതിന് കാരണമായ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കൊണ്ടോട്ടി സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് 17.06.2014-ന് ബഹുമാന്യനായ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് മറുപടി നൽകിയ വേളയിൽ, കൊണ്ടോട്ടി സി.എച്ച്.സി.യിൽ നിലവിൽ 29 കിടക്കകൾ മാത്രമേയുള്ളൂവെന്നും താലൂക്ക് ആശുപത്രിക്ക് മിനിമം വേണ്ടതായ 100 കിടക്കകൾ ഇല്ലെന്നും മറുപടി നൽകിയിരുന്നു. പ്രസ്തുത മറുപടി ശരിയല്ലെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. പരാതിപ്പെട്ടതനുസരിച്ച് മലപ്പുറം ഡി.എം.ഒ.യോട് നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചു. എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ മുടക്കി നിർമ്മിച്ച കെട്ടിടം ഉപയോഗിച്ചാൽ 50 കിടക്കകൾ വരെ സജ്ജീകരിക്കാമെന്നും ആശുപത്രിയുടെ മറ്റു പല വിഭാഗങ്ങളും പ്രവർത്തിക്കുന്ന

കെട്ടിടങ്ങളുടെ സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി 115 കിടക്കകൾ ക്രമീകരിക്കാമെന്നുമാണ് ഡി.എം. ഒ. റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. ഈ വിഷയം വിശദമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ കൊണ്ടോട്ടി സി.എച്ച്.സി. സന്ദർശിച്ച് തയ്യാറാക്കി നൽകിയ റിപ്പോർട്ടിലും ഡി.എം.ഒ. നൽകിയ റിപ്പോർട്ടിൽ സൂചിപ്പിച്ച വിവരങ്ങൾ തന്നെയാണുള്ളത്. ഈ സാഹചര്യത്തിൽ 17.06.2014- ന് ഉന്നയിച്ച സബ്മിഷന് നൽകിയ മറുപടി തെറ്റിദ്ധരിപ്പിക്കുന്നതല്ലായെന്ന് കരുതാവുന്നതാണ്. കൊണ്ടോട്ടി സി.എച്ച്.സി.-യിൽ ഡയാലിസിസ് യൂണിറ്റിന് നിർമ്മിച്ച കെട്ടിടം കൂടി ഉൾപ്പെടുത്തി താലൂക്ക് ആശുപത്രിക്ക് മിനിമം വേണ്ട കിടക്കകൾ ക്രമീകരിക്കാമെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പുതിയതായി പ്രഖ്യാപിച്ച കൊണ്ടോട്ടി താലൂക്കിൽ വേറെ താലൂക്ക് ആശുപത്രി ഇല്ലാത്ത സാഹചര്യത്തിലും കൊണ്ടോട്ടി സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

<u>കളമശ്ശേരി മെഡിക്കൽകോളേജിന്റെ വികസനവും തൊഴിൽ സംരക്ഷണവും</u>

<u>ശ്രീ. എസ്. ശർമ്മ</u>: സർ, സഹകരണമേഖലയിൽ പ്രവർത്തിച്ച

വന്നതായിരുന്ന കളമശ്ശേരിയിലെ സഹകരണ മെഡിക്കൽകോളേജ്. പ്രസ്തുത സ്ഥാപനം സർക്കാർ ഏറ്റെടുത്തിട്ട് നാളത്തേയ്ക്ക് ഒരു വർഷം തികയുകയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള കാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും അവിടെതന്നെ സ്ഥാപിക്കുമെന്ന് പ്രഖ്യാപനം നടത്തിയിട്ട് ഏകദേശം ഒരു വർഷം തികയുകയാണ്. അവിടത്തെ ജീവനക്കാർ നാളെ കരിദിനം ആചരിക്കുകയാണ്. ഗവൺമെന്റ് ഏറ്റെടുത്തുവെന്നുള്ള പ്രഖ്യാപനം വന്നതിനുശേഷം ഫലത്തിൽ പ്രായോഗികമായ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന അവസ്ഥ മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. മെഡിക്കൽകോളേജിലെ സ്ഥിരം ജീവനക്കാരായ ഡോക്ടർമാരേയും മറ്റുജീവനക്കാരേയും താൽക്കാലിക ജീവനക്കാരായാണ് സർക്കാർ ഇപ്പോൾ കണക്കാക്കിയിരിക്കുന്നത്. പല ഡിപ്പാർട്ട്മെന്റുകളിലും വകുപ്പുതലവന്മാരില്ല, ഡോക്ടർമാരില്ല, മരുന്നുമില്ല. ഒരു പ്രത്യേക രൂപത്തിൽ പ്രയാസകരമായ അവസ്ഥ ഇന്ന് കളമശ്ശേരി മെഡിക്കൽ കോളേജ് അഭിമുഖീകരിക്കുകയാണ്. അർഹമായ, വർദ്ധിപ്പിച്ച ഡി.എ. ജീവക്കാർക്ക് നാളിതുവരെ നൽകിയിട്ടില്ല. നിലവിലുള്ള ജീവനക്കാരുടെ എണ്ണം വളരെ കുടുതലായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിന് ഒരു ക്രമീകരണമുണ്ടാക്കണം. ദിവസവേതനക്കാരും കോൺട്രാക്ട് തൊഴിലാളികളും വൻതോതിൽ കുടിക്കുടി

വരികയാണ്. ഈ അന്തരീക്ഷം ഉപയോഗപ്പെടുത്തി ഒരു പിൻവാതിൽ നിയമനമുണ്ടാകാത്ത വിധത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കണം. ഇന്റർനാഷണൽ കാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുകയും ഡോ. ഗംഗാധരനെ ഇതിന്റെ ഓഫീസറായി നിയമിക്കുകയും ചെയ്തു. അത് വളരെ നല്ലകാര്യം. മൺമറഞ്ഞുപോയ വി. ആർ. കൃഷ്ണയ്യർ ഇത്തരം കാര്യങ്ങളിൽ വളരെ താൽപ്പര്യമെടുത്തിരുന്നു. കൊച്ചി പൗരാവലിയുടെ യോഗം ചേർന്ന് ഏകകണ്ഠമായി ഈ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന് കൃഷ്ണയ്യരുടെ നാമകരണമുണ്ടാകണമെന്ന് പ്രമേയത്തിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനം വ്യക്തമാക്കണമെന്നും കളമശ്ശേരി മെഡിക്കൽകോളേജ് ഒരു നല്ല മാതൃകാ മെഡിക്കൽകോളേജാക്കി ഉറപ്പാക്കുന്നതിനും ജീവനക്കാരുടെ തൊഴിൽ സംരക്ഷണം ഉറപ്പാക്കുന്നതിനും സത്വരനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, രണ്ട് കാര്യങ്ങളാണ് ബഹുമാന്യനായ എസ്. ശർമ്മ ഇവിടെ ഉന്നയിച്ചത്. ഒന്ന്, എറണാകുളം ഗവൺമെന്റ് മെഡിക്കൽകോളേജ് ക്യാമ്പസിൽ ആരംഭിക്കുന്ന കൊച്ചി കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനവുമായി

ബന്ധപ്പെട്ടായിരുന്നു. മെഡിക്കൽകോളേജ് ക്യാമ്പസിൽ തുടങ്ങുന്നതിന് തറക്കല്ലിട്ടത് കൊച്ചി കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് റിസർച്ച് സെന്റർ എന്ന കേരളത്തിലെ കാൻസർരോഗ ചികിത്സയ്ക്കും പഠനത്തിനും ഉദ്ദേശിച്ചിട്ടുള്ള ബൃഹത്തായ സംരംഭമാണ്. അതിനായുള്ള വിശദ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ചുമതലയേൽപ്പിച്ച HSCC (Hospital Service Consultancy Centre) ഒരു കേന്ദ്രസർക്കാർ സ്ഥാപനമാണ്. ടി സ്ഥാപനം ഏകദേശം 450 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 300 കിടക്കകൾ ഉൾക്കൊള്ളുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡി.പി.ആർ. തയ്യാറാക്കുകയും ആയത് അംഗീകരിക്കുകയും ചെയ്ത പശ്ചാതലത്തിൽ ടി സ്ഥാപനവുമായി സമ്മതപത്രത്തിൽ ഒപ്പിടുകയും ചെയ്തു. എന്നിരുന്നാലും ഈ പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകാൻ വകുപ്പിന് സാധിച്ചില്ല. ആയത് പരിഹരിക്കുവാൻ 18.11.2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഈ പദ്ധതിക്ക് വാർഷികാടിസ്ഥാനത്തിൽ (Annuity mode) തുക അനുവദിക്കുന്നതിന് ധനകാര്യവകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. ഇതിനായുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ധനകാര്യവകുപ്പിന്റെ അംഗീകാരം ലഭ്യമായാൽ ആന്യൂറ്റി

സ്കീമിൽ ഉൾപ്പെടുത്തി കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

കേരളത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം എല്ലാ ജില്ലകളിലും ഒരു മെഡിക്കൽ കോളേജ് ആരംഭിക്കണമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ സഹകരണവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന മെഡിക്കൽകോളേജ് സർക്കാർ ഏറ്റെടുക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 17.12.2013-ലെ സർക്കാർ ഉത്തരവ് പ്രകാരം നിലവിലുള്ള ആസ്തി ബാദ്ധ്യതകളോടെ കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്ന് ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു. റിട്ടയർ ചെയ്തശേഷം ജോലിയെടുക്കുന്നവരും കരാറടിസ്ഥാനത്തിലുള്ള ജീവനക്കാരുമൊഴികെയുള്ളവരുടെ സേവന-വേതന വ്യവസ്ഥയും മറ്റും പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് ആരോഗ്യവകുപ്പ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, സഹകരണ വകുപ്പ് സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവരടങ്ങുന്ന ഒരു സമിതിയെ നിയോഗിച്ചിരുന്നു. സമിതിയുടെ ശിപാർശകൾ പരിശോധിച്ച് നിലവിലുള്ള ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെ

സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ആരോഗ്യവകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി, അഡീഷണൽ ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി (ഫിനാൻസ്), ആരോഗ്യവകുപ്പ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി എന്നിവരടങ്ങുന്ന കമ്മിറ്റി ഇക്കാര്യം പരിശോധിക്കുകയും കൊച്ചി മെഡിക്കൽ കോളേജിന് 5 വർഷക്കാലത്തേയക്ക് സ്റ്റാന്റ് എലോൺ സ്റ്റാറ്റസ് നൽകുന്നതിന് യോഗ്യതയുള്ള സ്ഥിരം ജീവനക്കാരേയും കരാറടിസ്ഥാനത്തിലുള്ള ജീവനക്കാരേയും സർക്കാർ സർവ്വീസിലേയ്ക്ക് സംയോജിപ്പിക്കുന്നതിനായി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു. ഇത് ധനകാര്യ-ആരോഗ്യ-കുടുംബക്ഷേമ വകുപ്പുകളുടെ പരിശോധനയിലാണ്. കോളേജ് സർക്കാർ ഏറ്റെടുത്തെങ്കിലും ജീവനക്കാരുടെ സംയോജനം പൂർത്തിയാകാത്തതിനാൽ വികസനപ്രവർത്തനങ്ങൾക്ക് ഇപ്പോൾ തുകയൊന്നും വകയിരുത്തിയിട്ടില്ല. അടുത്ത വർഷത്തെ ഫണ്ടിൽ തുക വകയിരുത്തുന്നതിലേയ്ക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ ജീവനക്കാരുടെ സംയോജനം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇതിന്റെ ഭാവി വികസനത്തിനാവശ്യമായിട്ടുള്ള പദ്ധതി പദ്ധതിയേതര ഇനങ്ങളിൽ തുക വകയിരുത്തുന്നതാണ്. നിലവിൽ ഇവിടെ ജോലി ചെയ്തുവരുന്ന എല്ലാ ജീവനക്കാർക്കും സംയോജനം പൂർത്തിയാകുന്നതുവരെ അവർ നിലവിൽ

വാങ്ങിവന്നിരുന്ന ശമ്പളം നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

## കാൻസർ സബ്സെന്ററും ഡയാലിസിസ് യൂണിറ്റും

ശ്രീ. ആർ. രാജേഷ്: മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റും കാൻസർ സബ്സെന്ററും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ് ഈ സബ്മിഷൻ. നമ്മുടെ സമൂഹത്തിൽ കാൻസർരോഗികളുടേയും വൃക്കരോഗികളുടേയും എണ്ണം വർദ്ധിച്ചുവരികയാണ്. ഇവർക്ക് ചികിത്സയ്ക്കാവശ്യമായ സൗകര്യങ്ങൾ ജില്ലാടിസ്ഥാനത്തിലും, താലൂക്കടിസ്ഥാനത്തിലും വളരെ കുറവാണ്. ജില്ലാ ആശുപത്രികളിൽ ഇതിനാവശ്യമായ സൗകര്യങ്ങളില്ല. സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് ചെയ്യുന്നതിന് വലിയ ചെലവാണ്, സാധാരണക്കാരായ രോഗികൾക്ക് അത് താങ്ങാൻ കഴിയാത്ത സ്ഥിതിയാണ്. ഒരു ഡയാലിസിസ് സെന്ററിനാവശ്യമായ സൗകര്യം, 60 ലക്ഷം രൂപ ചെലവഴിച്ച്, ജില്ലാ ആശുപത്രിയിൽ എം.എൽ.എ യുടെ ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് ഒരുക്കിയിട്ടുണ്ട്. അതുകൊണ്ട് ഡയാലിസിസ് യൂണിറ്റ് അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ജില്ലാ ആശുപത്രിയിൽ കാൻസർ സബ്സെന്റർ കൂടി അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷന്റെ ഭാഗമായി ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, മാവേലിക്കര ജില്ലാ ആശുപത്രിയുടെ പ്രതിദിന ഒ.പി. ശരാശരി 900 -വും ഐ.പി. 160-ഉം ആണ്. ഈ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ വകയിരുത്താമെന്നും ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കാനുള്ള അനുമതി ലഭ്യമാക്കണമെന്നുമുള്ള നിവേദനത്തിന്മേൽ ആവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കുവേണ്ടി പൊതുമരാമത്ത് വകുപ്പ് 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതായും, കാൻസർ കെയർ സെന്ററിനുവേണ്ടി ടി കെട്ടിടത്തിനുമുകളിൽ എം.എൽ.എ. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണെന്നും ആശുപത്രി സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആരോഗ്യവകുപ്പിന്റെ കീഴിൽ കാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും ജില്ലയിൽ ഒരു കേന്ദ്രം എന്ന രീതിയിൽ ജില്ലാ കാൻസർ കെയർ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജനറൽ ആശുപത്രിയിലാണ് പ്രസ്തുത കേന്ദ്രം ആരംഭിച്ചിട്ടുള്ളത്. ഇതിനായി ഒരു ഡോക്ടറിനും രണ്ട് നഴ്സുമാർക്കും

വിദഗ്ധപരിശീലനം നൽകി അടിസ്ഥാന സൗകര്യവികസനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനോടകം നിരവധി രോഗികൾക്ക് കീമോതെറാപ്പി നൽകുന്നതിനും രോഗനിർണ്ണയം നടത്തുന്നതിനും കാൻസർ അനുബന്ധ ചികിത്സ നടത്തുന്നതിനും ഈ സെന്റർ വഴി സാധിച്ചിട്ടുണ്ട്. കീമോതെറാപ്പി, പാലിയേറ്റീവ് കീമോതെറാപ്പി, ബ്ലഡ് ട്രാൻസ്ഫ്യൂഷൻ, അസൈറ്റിക് ഫ്ലൂയിഡ് ടാപ്പിംഗ് തുടങ്ങിയ ചികിത്സാ വിധികളാണ് ഈ കേന്ദ്രത്തിലൂടെ നൽകിവരുന്നത്. ഒരു ജില്ലയിൽ ആരോഗ്യവകുപ്പിന് കീഴിൽ ഒരു കാൻസർ ചികിത്സാകേന്ദ്രം എന്ന തത്ത്വത്തിലാണ് ആലപ്പുഴയിൽ ജനറലാശുപത്രിയിൽ കാൻസർ കെയർ യൂണിറ്റ് ആരംഭിച്ചത്. ഇത് ശക്തിപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങളുമായിട്ടാണ് ആരോഗ്യവകുപ്പ് ഇപ്പോൾ മുന്നോട്ടുപോകുന്നത്.